

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


**ചങ്ങനാശേരി അതിരൂപത**

**സ്ഥാപിതം: മെയ് 20 1887**

**വാല്യം 92 ● ലക്കം 11 ● മെയ് 2020**

വേദപ്രചാര
# മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

## ഉള്ളടക്കം


ലോകദൈവവിളി സന്ദേശം (ഫ്രാൻസിസ് പാപ്പാ)........................................ 06

മെയ്ദിന സന്ദേശം (കെ.സി.ബി.സി.)............................................................12

സർക്കുലർ (20 Ch. 236-313)..................................................................19

പെസഹാചരണം- മാർഗ്ഗനിർദ്ദേശങ്ങൾ.........................................................25

സർക്കുലർ (20 Ch. 237-314).................................................................. 30

സർക്കുലർ (20 Ch. 238-315)..................................................................32

സർക്കുലർ (20 Ch. 239-316)..................................................................37

കച്ചേരിക്കാര്യം......................................................................................... 40

അനുസ്മരണം...........................................................................................42

സന്ദേശനിലയം......................................................................................... 45

ചെറുപുഷ്പ മിഷൻലീഗ്............................................................................. 48

ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........................................ 49

ഫാമിലി അപ്പോസ്റ്റലേറ്റ്............................................................................. 52

പ്രവാസി അപ്പോസ്റ്റലേറ്റ് ............................................................................53

പബ്ലിക്ക് റിലേഷൻസ്ജാഗ്രതാ സമിതി........................................................ 55

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............................................................. 57



Annual Subscription: Rs. 120/-



Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

# നാമഹേതുക തിരുനാൾ

## ആശംസകൾ



## വെരി റവ. ഡോ. ഫിലിപ്പ് വടക്കേക്കളം

(സിഞ്ചെല്ലൂസ്)

Ref: 3290/K-5/KCBC/OL/DS 22 April 2020

# 2020 ലോകദൈവവിളി ദിന സന്ദേശം

## ഫ്രാൻസിസ് മാർപാപ്പ

### ദൈവവിളിയുടെ വചനങ്ങൾ

പ്രിയ സഹോദരീസഹോദരന്മാരേ,

ആർസിലെ വികാരിയായ വിശുദ്ധ ജോൺ വിയാനിയുടെ 160-ാം ചരമവാർഷികം കഴിഞ്ഞവർഷം ആഗസ്റ്റ് 4-ാം തീയതിയായിരുന്നല്ലോ. കർത്താവിന്റെ വിളിയോടുള്ള പ്രത്യുത്തരമായി ദൈവജനസേവനത്തിനുവേണ്ടി അനുദിനജീവിതം സമർപ്പിക്കുന്ന എല്ലാ പുരോഹിതന്മാർക്കും ഒരു കത്ത് എഴുതാൻ ഞാൻ നിശ്ചയിച്ചു.

വൈദികരോടു നന്ദിപറയുകയും അവരുടെ ശുശ്രൂഷയെ പിന്താങ്ങുകയും ചെയ്യാനുള്ള മാർഗമായി ഈ സന്ദർഭത്തിൽ വേദന, കൃതജ്ഞത, പ്രോത്സാഹനം, സ്തുതി എന്നീ നാലു സുപ്രധാന വാക്കുകൾ ഞാൻ തിരഞ്ഞെടുക്കുന്നു. ഈശോയ്ക്കും പത്രോസിനും ഗലീലിക്കടലിൽ കൊടുങ്കാറ്റുള്ള രാത്രിയിൽ ഉണ്ടായ ശ്രദ്ധേയമായ അനുഭവം നമുക്കായി ആവർത്തിക്കുന്ന സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ദൈവവിളികൾക്കുവേണ്ടിയുള്ള 57-ാം ലോകദിനമായ ഇന്ന് മുഴുവൻ ദൈവജനത്തോടും ആ വാക്കുകൾ പറയാമെന്നു ഞാൻ വിശ്വസിക്കുന്നു (cf. മത്താ 14:22-33).

ജനക്കൂട്ടങ്ങളെ വിസ്മയിപ്പിച്ച അപ്പം വർധിപ്പിക്കലിനുശേഷം ഈശോ ജനങ്ങളോടു വിടപറയുകയും മറുകരയിലേക്കുപോകുന്നതിന് വഞ്ചിയിൽ കയറാൻ ശിഷ്യരോട് കല്പിക്കുകയും ചെയ്തു. കടൽ കടക്കുന്ന ശിഷ്യന്മാരുടെ പ്രതിരൂപം നമ്മുടെ ജീവിതയാത്രയെ ഉണർത്താൻ കഴിവുള്ളതാണ്. യഥാർത്ഥത്തിൽ നമ്മുടെ ജീവിതവഞ്ചി പതുക്കെ മുന്നോട്ടുപോകുന്നു. വിശ്രമമില്ലാതെ സുരക്ഷിതസ്വർഗത്തെ നോക്കി, കടലിലെ അപകടങ്ങളും വാഗ്ദാനങ്ങളും നേരിടാൻ സന്നദ്ധരായിക്കൊ

ണ്ടും എന്നാൽ വഞ്ചി തുഴയുന്നവൻ ആത്യന്തികമായി നമ്മെ ശരിയായ വഴിക്കു നയിക്കുമെന്നു വിശ്വസിച്ചുകൊണ്ടുമാണ് പോകുന്നത്. എന്നാലും ചിലപ്പോഴെല്ലാം വഞ്ചി വഴിമാറിപ്പോകും. ലക്ഷ്യസ്ഥാനത്തേക്കു നയിക്കുന്ന ലൈറ്റ് ഹൗസല്ല, മരീചികകളാണ് വഴിതെറ്റിക്കുന്നത്. അങ്ങനെ പ്രയാസങ്ങളുടെയും സംശയത്തിന്റെയും ഭയത്തിന്റെയും കൊടുങ്കാറ്റുകൾകൊണ്ടാണ് തെന്നിപ്പോകുന്നത്.

നസ്രത്തിലെ ഗുരുവിനെ പിന്തുടരാൻ വിളിക്കപ്പെട്ടവരുടെ ഹൃദയങ്ങളിൽ ഉണ്ടാകുന്നത് ഇതുപോലുള്ള ഒരു അനുഭവമാണ്. കർത്താവിന്റെ ശിഷ്യരാകാൻവേണ്ടി കടൽ കടക്കുകയും സ്വന്തം സുരക്ഷിതത്വം ഉപേക്ഷിക്കുകയും ചെയ്യേണ്ടവരാണവർ. ഇവിടെ അപകടസാധ്യത യഥാർത്ഥത്തിലുള്ളതാണ്: നേരം സന്ധ്യയാകുന്നു. പ്രതികൂലമായ കാറ്റുവീശുന്നു, വഞ്ചി തിരമാലകളാൽ ഇളക്കപ്പെടുന്നു, പരാജയപ്പെടുമെന്ന ഭയമുണ്ടാകുന്നു, ദൈവവിളി അനുസരിക്കാനാവുകയില്ലെന്നു തോന്നുന്നു, തങ്ങൾ അടിപ്പെട്ടുപോകുമെന്ന് അവർക്കു തോന്നുന്നു.

എന്നാൽ, വെല്ലുവിളിയുടെ ഇടയിലുള്ള ഈ യാത്രയിൽ നമ്മൾ ഒറ്റയ്ക്കല്ലെന്ന് സുവിശേഷം നമ്മോടു പറയുന്നുണ്ട്. ശിഷ്യരുടെ കൂടെയായിരിക്കാൻവേണ്ടി രാത്രിയുടെ ഹൃദയത്തിൽ പ്രഭാതത്തിന്റെ പ്രകാശരശ്മിപോലെ ഇളകിമറിയുന്ന ജലത്തിന്റെ മുകളിൽ ഈശോ നടന്നുവരുന്നു, തിരമാലയുടെ മുകളിലൂടെ തന്റെയടുത്തേക്കുവരാൻ അവിടന്ന് പത്രോസിനെ ക്ഷണിക്കുന്നു. പത്രോസ് വെള്ളത്തിൽ മുങ്ങുന്നതായി കാണുമ്പോൾ അവിടന്ന് അദ്ദേഹത്തെ രക്ഷിക്കുന്നു. അവർ വഞ്ചിയിലായിരിക്കുമ്പോൾ കൊടുങ്കാറ്റിനെ അവിടുന്നു ശമിപ്പിക്കുന്നു.

അപ്പോൾ, വിളിയുടെ ഒന്നാമത്തെ വാക്ക് കൃതജ്ഞതയാണ്. ശരിയായ വഴിയേ പോകുകയെന്നത് നമ്മൾ സ്വന്തമായി ചെയ്യുന്നതല്ല; നമ്മൾ യാത്രചെയ്യാൻ തിരഞ്ഞെടുക്കുന്ന റോഡിനെ മാത്രം ആശ്രയിച്ചിരിക്കുന്നതുമല്ല. ഒറ്റപ്പെട്ട വ്യക്തികളെന്ന നിലയിൽ നാം ചെയ്യുന്ന ഒരു തീരുമാനത്തെക്കാൾ കൂടുതലായിട്ടുള്ള ഒന്നാണ് നാം ജീവിതത്തിൽ എങ്ങനെ സാഫല്യം കണ്ടെത്തുന്നു എന്നത്. എല്ലാറ്റിനും ഉപരിയായി അത് ഉന്നതത്തിൽ നിന്നുണ്ടാകുന്ന ഒരു വിളിയോടുള്ള പ്രത്യുത്തരമാണ്. കർത്താവ് നമ്മുടെ ലക്ഷ്യത്തെ എതിർവശത്തുള്ള കടൽത്തീരത്തു ചൂണ്ടിക്കാട്ടുന്നു; അങ്ങോട്ടു വഞ്ചി കയറിപ്പോകാനുള്ള ധൈര്യം നല്കുകയും ചെയ്യുന്നു. നമ്മെ വിളിക്കുമ്പോൾ അവിടന്നു നമ്മുടെ വഞ്ചി തുഴയുന്നവനാകുന്നു. അവിടന്നു നമ്മോടൊപ്പം സഞ്ചരിക്കുകയും നമ്മെ നയിക്കുകയും ചെയ്യുന്നു. തീരുമാനമില്ലായ്മയുടെ മണൽത്തിട്ടയിൽ ഓടിച്ചെന്ന് അടിഞ്ഞുകിടക്കുന്നതിൽ നിന്ന് അവിടന്നു നമ്മെ തടയുന്നു;

ഉയർന്നുവരുന്ന തിരമാലയിലൂടെ നടക്കാൻ നമ്മെ ശക്തരാക്കുകപോലും ചെയ്യുന്നു.

കർത്താവ് നമ്മെ കണ്ടുമുട്ടാൻ വരുമ്പോഴുള്ള സ്നേഹത്തിന്റെ നോട്ടത്തിൽ നിന്നാണ് ഓരോ ദൈവവിളിയും ജനിക്കുന്നത്. കൊടുങ്കാറ്റുകൊണ്ട് നമ്മുടെ വഞ്ചി ഇളകിമറിയുമ്പോൾപോലും അങ്ങനെയാണു സംഭവിക്കുന്നത്. ''ദൈവവിളി, നമ്മുടെ തിരഞ്ഞെടുപ്പ് എന്നതിനെക്കാൾ നമുക്കു യോഗ്യതയില്ലാതിരിക്കേ കർത്താവ് നടത്തുന്ന വിളിയോടുള്ള പ്രത്യുത്തരമാണ്'' (വൈദികർക്കുള്ള എഴുത്ത്, 4 ആഗസ്റ്റ് 2019). നാം നന്ദിയോടെ നമ്മുടെ ഹൃദയം തുറക്കുകയും നമ്മുടെ ജീവിതത്തിന് ദൈവം നിശ്ചയിക്കുന്ന വഴി കാണുകയും ചെയ്യുമ്പോൾ നാം നമ്മുടെ ദൈവവിളിയെ കണ്ടെത്തുന്നതിലും അതിനെ സ്വീകരിക്കുന്നതിലും വിജയിക്കും.

ഈശോ തങ്ങളുടെയടുത്തേക്ക് കടലിലൂടെ നടന്നുവരുന്നതു കാണുമ്പോൾ അവിടന്ന് ഒരു ഭൂതമാണെന്നു ശിഷ്യന്മാർ വിചാരിക്കുകയും ഭയംകൊണ്ടു നിറയുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തോടും ദൈവവിളിപരമായ നമ്മുടെ യാത്രയോടും കൂടെ സ്ഥിരം ഉണ്ടായിരിക്കേണ്ട വാക്കുകൾകൊണ്ട് അവിടുന്ന് പെട്ടെന്നു അവർക്ക് ഉറപ്പുനല്കുന്നു. ''ധൈര്യമുള്ളവരായിരിക്കുവിൻ; ഞാനാണ്, ഭയപ്പെടേണ്ട'' (മത്താ 14:27). അതുകൊണ്ട് നിങ്ങളോടു പറയാൻ ഞാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ വാക്ക് ഇതാണ്: പ്രോത്സാഹനം

നമ്മുടെ യാത്രയെയും വളർച്ചയെയും കർത്താവു നമുക്കായി നിശ്ചയിച്ച വഴി തിരഞ്ഞെടുക്കുന്നതിനെയും മിക്കപ്പോഴും തടയുന്നത് നമ്മുടെ ഹൃദയങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന ചില ''ഭൂതങ്ങൾ'' ആണ്. സുരക്ഷിതമായ കടൽത്തീരങ്ങളെ ഉപേക്ഷിച്ച്, വിവാഹം, ശുശ്രൂഷാപരമായ പൗരോഹിത്യം, സമർപ്പിതജീവിതം എന്നിവപോലുള്ള ഒരു ജീവിതാവസ്ഥ സ്വീകരിക്കാൻ നാം വിളിക്കപ്പെടുമ്പോൾ മിക്കപ്പോഴും നമ്മുടെ പ്രഥമ പ്രതികരണം ''അവിശ്വാസത്തിന്റെ ഭൂത''ത്തിൽ നിന്നുണ്ടാകുന്നതാണ്: തീർച്ചയായും ഈ വിളി എനിക്കുള്ളതല്ല! ഇത് ശരിയായ മാർഗമായിരിക്കാൻ യഥാർത്ഥത്തിൽ സാധിക്കുമോ? ഇതുചെയ്യാൻ കർത്താവ് യഥാർത്ഥത്തിൽ എന്നോട് ആവശ്യപ്പെടുന്നുണ്ടോ? ഇത്തരം ചിന്തകൾ വളർന്നുകൊണ്ടിരിക്കും; നമ്മുടെ തീരുമാനത്തെ പിഴിഞ്ഞുകുടിക്കുന്ന നീതിമത്കരണങ്ങളും കണക്കുകൂട്ടലുകളും വളർന്നുകൊണ്ടിരിക്കും. നാം തുടങ്ങുന്ന കടൽത്തീരത്ത് അവ നമ്മെ സംശയാലുക്കളും ശക്തിഹീനരും ആക്കിത്തീർക്കും. നമുക്കു തെറ്റുപറ്റിക്കാണുമെന്നു നാം വിചാരിക്കുന്നു. വെല്ലുവിളി ഏറ്റെടുക്കാൻ കഴിവില്ലെന്നു തോന്നുന്നു.

അല്ലെങ്കിൽ ഒഴിവാക്കിക്കളയേണ്ട ഒരു ഭൂതത്തെ കാണുന്നതാണെന്നു തോന്നുന്നു.

വിവാഹം, കർത്തൃസേവനത്തിനുള്ള സവിശേഷ സമർപ്പണം മുതലായവപോലുള്ള മൗലിക ജീവിത തിരഞ്ഞെടുപ്പ് ധീരത ആവശ്യമുള്ളതാണെന്നു കർത്താവിന് അറിയാം. നമ്മുടെ ഹൃദയ വഞ്ചിയെ ഇളക്കിക്കൊണ്ടിരിക്കുന്ന ചോദ്യങ്ങളും സംശയങ്ങളും പ്രയാസങ്ങളും അവിടന്ന് അറിയുന്നുണ്ട്. അതുകൊണ്ട് അവിടന്നു നമ്മെ ധൈര്യപ്പെടുത്തുന്നു: ''ധൈര്യമുള്ളവരായിരിക്കുക; ഞാനാണ്, ഭയപ്പെടേണ്ട.'' അവിടന്ന് സന്നിഹിതനാണെന്നും നമ്മെ കണ്ടുമുട്ടാൻ അവിടന്നു വരുന്നുവെന്നും നമുക്ക് വിശ്വാസത്തിൽ അറിയാം. അവിടന്ന് എപ്പോഴും, കൊടുങ്കാറ്റുള്ള കടലുകളിൽപ്പോലും, നമ്മുടെ സമീപത്തുണ്ടെന്ന് നമുക്കറിയാം. ''മധുരമുള്ള ദുഃഖ''മെന്ന് ഞാൻ വിളിച്ച (വൈദികർക്കുള്ള കത്ത്, 4 ആഗസ്റ്റ് 2019) ബോധംകെട്ടുള്ള ഉറക്കത്തിൽ നിന്ന് ഈ അറിവ് നമ്മെ സ്വതന്ത്രരാക്കുന്നു. നമുക്കുള്ള ദൈവവിളിയുടെ സൗന്ദര്യം അനുഭവിക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തി പിടിച്ചുമാറ്റുന്ന ഒന്നാണ് ''മധുരമുള്ള ദുഃഖം.''

വൈദികർക്കുള്ള എന്റെ എഴുത്തിൽ വേദനയെക്കുറിച്ചും ഞാൻ പറഞ്ഞു. എന്നാൽ ഇവിടെ ആ വാക്കിന് ക്ഷീണം എന്ന വ്യത്യസ്തമായ വിവർത്തനം നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ വിളിയും ഒരു ഉത്തരവാദിത്വം പേറുന്നതാണ്. പത്രോസിനെ ''വെള്ളത്തിനു മീതെ നടക്കാൻ'' ശക്തനാക്കിയതുപോലെ നമ്മെ ശക്തരാക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് അവിടന്നു നമ്മെ വിളിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും അതിനെ സുവിശേഷസേവനത്തിനായി പ്രതിഷ്ഠിക്കുകയും ചെയ്യാൻ അവിടന്നു നമ്മെ വിളിക്കുന്നു. അവിടന്നു നമ്മെ കാണിക്കുന്ന വസ്തുനിഷ്ഠവും അനുദിനമുള്ളതുമായ വഴികളിലൂടെ - പ്രത്യേകിച്ച്, അല്മായരെയും വൈദികരെയും സമർപ്പിതരെയും സംബന്ധിച്ച ദൈവവിളികൾ അവിടന്നു കാണിച്ചുതരുന്ന വഴികളിലൂടെ - ആണ് ഇതു നാം ചെയ്യേണ്ടത്. എന്നാലും പത്രോസിനെപ്പോലെ നമ്മുടെ ആഗ്രഹവും ആവേശവും നമ്മുടെ പരാജയങ്ങളോടും ഭീതികളോടും കൂടെ നിലകൊള്ളുന്നു.

വിവാഹജീവിതത്തിലായാലും വൈദികജീവിതത്തിലായാലും, നമ്മെ കാത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ അല്ലെങ്കിൽ നമുക്കായി ശേഖരിക്കപ്പെട്ട കഷ്ടതകൾ നമ്മെ ധൈര്യമില്ലാത്തവരാക്കാൻ നാം അനുവദിച്ചാൽ നാം മുങ്ങിപ്പോകാൻ തുടങ്ങും. നേരേ മറിച്ച്, നമുക്കു ദുർബലതയും

ദാരിദ്ര്യവുമുണ്ടെങ്കിലും ഉത്ഥിതനായ മിശിഹായിലേയ്ക്കു നടക്കാനും ഏതുകൊടുങ്കാറ്റിനെയും എതിർത്തുനില്ക്കാനും വിശ്വാസം നമ്മെ ശക്തരാക്കും. ക്ഷീണമോ ഭയമോ നമ്മെ മുക്കിക്കളയാൻ തുടങ്ങുമ്പോഴെല്ലാം ഈശോ തന്റെ കൈ നമ്മുടെ നേരേ നീട്ടുന്നു. നമ്മുടെ ദൈവവിളി സന്തോഷത്തോടും തീക്ഷ്ണതയോടും കൂടി ജീവിക്കാൻ ആവശ്യമായ ആവേശം അവിടന്നു നമുക്കു നല്കുന്നു.

അവസാനം ഈശോ വഞ്ചിയിൽ കയറുമ്പോൾ കാറ്റുവീശാതാകും, തിരമാലകൾ ശാന്തമാകും. നമ്മുടെ ജീവിതത്തിൽ പ്രക്ഷുബ്ധതയും കൊടുംകാറ്റും ഉണ്ടാകുമ്പോൾ കർത്താവിന് എന്തുചെയ്യാൻ കഴിയുമെന്നതിന്റെ മനോഹരമായ ഒരു പ്രതിരൂപം ഇവിടെ നമുക്കു ലഭിക്കുന്നു. ആ കാറ്റുകളെ അവിടുന്നു ശമിപ്പിക്കുന്നു. അങ്ങനെ തിന്മയുടെ ശക്തികൾക്ക്, ഭയത്തിന്റെയും കീഴടക്കലിന്റെയും ശക്തികൾക്ക്, നമ്മുടെമേൽ അധികാരമില്ലാതാകും.

നമുക്കുള്ള സവിശേഷമായ വിളിയനുസരിച്ച് നാം ജീവിക്കുമ്പോൾ നമ്മെ ക്ഷീണിപ്പിച്ചു തളർത്താൻ ആ പ്രതികൂല വാതങ്ങൾക്കു സാധിക്കുകയില്ല. ഇവിടെ സിവിൾ സമൂഹത്തിലെ സുപ്രധാന ഉത്തരവാദിത്വങ്ങൾ ഉള്ള എല്ലാവരെയും, സകാരണം ഞാൻ പരമാർശിക്കാൻ ആഗ്രഹിക്കുന്ന വധൂവരന്മാരെയും പ്രത്യേകമായവിധത്തിൽ സമർപ്പിത ജീവിതമോ വൈദികവൃത്തിയോ സ്വീകരിച്ചവരെയും ധീരതയുള്ളവരായി ഞാൻ കരുതുന്നു. നിങ്ങളുടെ കഠിനാധ്വാനം, ചിലപ്പോൾ നിങ്ങളുടെ ഹൃദയങ്ങളെ ഭാരപ്പെടുത്തുന്ന ഏകാന്തതയുടെ അനുഭവം, നമുക്കുള്ള വിളിയുടെ തീജ്വാല ക്രമേണ കെട്ടുപോകാൻ ഇടയാക്കുന്ന സ്ഥിരമാർഗത്തിലേക്കു വീഴുകയെന്ന അപകടസാധ്യത, കാലഘട്ടത്തിന്റെ അനിശ്ചിതത്വത്തിന്റെയും സുരക്ഷിതത്വമില്ലായ്മയുടെയും ഭാരം, ഭാവിയെക്കുറിച്ചുള്ള ആകുലത എന്നിവയെപ്പറ്റി എനിക്കറിയാം. ധൈര്യം അവലംബിക്കുക, ഭയപ്പെടാതിരിക്കുക! ഈശോ നമ്മുടെ അരികേ ഉണ്ട്. നാം അവിടത്തെ നമ്മുടെ ജീവിതത്തിന്റെ ഏക കർത്താവായി അംഗീകരിക്കുന്നുവെങ്കിൽ അവിടന്നു കൈനീട്ടി നമ്മളെ പിടിച്ച് രക്ഷിക്കും.

അപ്പോൾ, കൊടുംകാറ്റുകൊണ്ട് ഇളകിമറിയുന്ന ജലത്തിലും നമ്മുടെ ജീവിതം സ്തുതിയിലേക്കു തുറന്നതായിത്തീരും. നമുക്കുള്ള വിളി സംബന്ധമായ അവസാനത്തെ വാക്കാണിത്. പരിശുദ്ധ കന്യകാമറിയത്തിന്റെ ആന്തരിക മാനസികാവസ്ഥ സ്വന്തമാക്കാനുള്ള ഒരു ക്ഷണമാണത്. ദൈവത്തിന്റെ കൃപാകടാക്ഷത്തോടു നന്ദിയുള്ളവളായി ഭയത്തിലും പ്രക്ഷുബ്ധതയിലും വിശ്വസ്തതയുള്ളവളായി, അവൾ തനിക്കുള്ള വിളിയെ ആശ്ലേഷിച്ചു, തന്റെ ജീവിതത്തെ കർത്താവിനോടുള്ള

ശാശ്വത സ്തുതിഗീതമാക്കിത്തീർത്തു.

പ്രിയ സുഹൃത്തുക്കളേ, പ്രത്യേകിച്ച് ഈ ദിവസം, നമ്മുടെ സമൂഹങ്ങളുടെ സാധാരണ അജപാലന ജീവിതത്തിലും ദൈവവിളികളെ പ്രോത്സാഹിപ്പിക്കൽ തുടരാൻ സഭയോട് ഞാൻ കല്പിക്കുന്നു. പരിശുദ്ധ കന്യകാമറിയം വിശ്വാസികളുടെ ഹൃദയങ്ങളെ സ്പർശിക്കട്ടെ. ഓരോ വ്യക്തിയും തങ്ങളുടെ ജീവിതത്തിലുള്ള ദൈവവിളിയെ കൃതജ്ഞതയോടെ കണ്ടെത്തട്ടെ. ദൈവത്തോട് "അതെ" എന്നു പറയാനുള്ള ധീരത കണ്ടെത്താൻ, മിശിഹായിലുള്ള വിശ്വാസത്തിലൂടെ എല്ലാ ക്ഷീണിതാവസ്ഥയെയും കീഴടക്കാൻ, തങ്ങളുടെ ജീവിതത്തെ ദൈവസ്തുതിഗീതമാക്കി മാറ്റാൻ, സഹോദരീസഹോദരന്മാരും മുഴുവൻ ലോകത്തിനും വേണ്ടി അങ്ങനെ ചെയ്യാൻ, സാധിക്കട്ടെ. കന്യകാമറിയം നമ്മോടുകൂടെ സഞ്ചരിക്കുകയും നമുക്കായി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യട്ടെ.

റോം, സെന്റ് ജോൺ ലാറ്ററൻ, 8 മാർച്ച് 2020
നോമ്പുകാലത്തെ രണ്ടാം ഞായർ
ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref:3282K-5/KCBC/OL/DS 06.04.2020

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2020

## തൊഴിലിന്റെ ഭാവി, തൊഴിലാളികളുടെ ഭാവി

''മനുഷ്യർ വീണ്ടും നന്മ തിരഞ്ഞെടുത്ത് ഉയരാൻ കഴിവുള്ളവരായി'' (ലൗദാത്തോ സി, നമ്പർ 205).

മിശിഹായിൽ പ്രിയമുള്ളവരേ,

1. ഈ വരുന്ന മെയ് ഒന്നിന് നാം ഒരിക്കൽ കൂടി തൊഴിലാളി ദിനം ആചരിക്കുകയാണ്. ഈ അവസരത്തിൽ മുഴുവൻ തൊഴിലാളികൾക്കും നമ്മുടെ നാഥനായ ഈശോമിശിഹായുടെ അനുഗ്രഹവും തൊഴിലാളിമധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണവുമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

2. കൊറോണ, കോവിഡ് 19 മഹാമാരിയുടെ ആഘാതത്തിൽ ലോകം മുഴുവൻ കഠിനമായ പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ജനങ്ങൾ അത്രയധികം പരിഭ്രാന്തരാണ്. ഈ അവസരത്തിൽ ഭരണാധികാരികളും ആരോഗ്യപ്രവർത്തകരും നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യതയോടെ പാലിച്ച് ജാഗ്രതാപൂർവ്വം ഈ മഹാമാരിയെ നമുക്കൊത്തൊരുമിച്ച് അതിജീവിക്കാം. ദൈവത്തിന്റെ കാരുണ്യത്തിനായി നമുക്ക് വിനീതരായി പ്രാർഥിക്കുകയും ചെയ്യാം. തൊഴിലാളികൾ ഉൾപ്പടെയുള്ള പലരും ഈ മഹാമാരിക്കെതിരേയുള്ള സന്നദ്ധപ്രവർത്തനത്തിനു മുന്നിട്ടിറങ്ങുന്നതിൽ സന്തോഷമുണ്ട്. അവരെ എല്ലാവരെയും അഭിനന്ദിക്കുന്നു. കൂടുതൽ സന്നദ്ധപ്ര

വർത്തകർ സർക്കാർ നേതൃത്വം നല്കുന്ന കോവിഡ് 19 നെതിരേയു ള്ള പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ മുന്നോട്ടു വരണം. അഗതി കൾ, അയൽസംസ്ഥാന തൊഴിലാളികൾ തുടങ്ങിയ ആർക്കും ഭക്ഷണം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകാതെ സന്നദ്ധപ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കണം. തൊഴിലാളികൾ ഉൾപ്പടെയുള്ള അടിസ്ഥാന ജനവിഭാഗങ്ങളുടെ അതിജീവനത്തിനായി ഈ അടിയന്തിര ഘട്ടത്തിൽ കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുകയും സർക്കാരുകളുടെ എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള പിന്തുണ അറിയിക്കുകയും ചെയ്യുന്നു. ആരോഗ്യ-സന്നദ്ധ പ്രവർത്തകരെയെല്ലാവരെയും സവിശേഷമായ രീതി യിൽ ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

3. ചിന്താശേഷി, സർഗശേഷി, കായികശേഷി എന്നിവയുടെ പ്രയോജനപ്പെടുത്തലാണ്തൊഴിൽമേഖലയിൽമനുഷ്യൻനടത്തുന്നത്.അതി ലൂടെ തനിക്കും സമൂഹത്തിനും പുരോഗതിക്കവസരം സൃഷ്ടിക്കുന്നു. അതുകൊണ്ടാണ് തൊഴിലിന്റെ ഭാവിക്കും (Future of Work) പരിസ്ഥിതിക്കും പുതിയൊരുദർശനം നല്കിയ,''അങ്ങേയ്ക്കു സ്തുതി''(Laudato Si) എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയു ന്നത്: ''ജോലി ചെയ്യാനുള്ള വിളിയോടെയാണ് നാം സൃഷ്ടിക്കപ്പെട്ടത്. സാങ്കേതിക വിദ്യയുടെ പുരോഗതി മാനുഷിക തൊഴിലിന് വർധമാനമായ തോതിൽ പകരമാവണം എന്നതായിരിക്കരുത് ലക്ഷ്യം. തൊഴിലിലൂടെ മഹത്ത്വപൂർണമായ ഒരു ജീവിതമുണ്ടാകാൻ അവരെ അനുവദിക്കുക എന്നതായിരിക്കണം കൂടുതൽ വിശാലമായ ലക്ഷ്യം''(ലൗദാത്തോ സി നമ്പർ 128).

4. ഉള്ളവനും ഇല്ലാത്തവനുമെന്ന വേർതിരിവില്ലാതെ ജീവിച്ചിരുന്ന സമൂഹം പുരോഗതിയുടെ പാതയിൽ മുന്നേറാൻ തുടങ്ങിയതോടെ സ്വത്ത് സമ്പാദനത്തിനുള്ള ഉപാധിയായി തൊഴിൽ പരിവർത്തനം ചെയ്യപ്പെട്ടു. യന്ത്രങ്ങളുടെ വരവോടെ കൂടുതൽ ഉല്പാദനവും കൂടുതൽ ലാഭവുമെന്ന ചിന്ത കടന്നുവന്നതോടെ തൊഴിലാളി ലാഭം നേടിക്കൊടുക്കുന്ന വസ്തുവോ ഉപകരണമോ ആയി തരംതാഴ്ത്തപ്പെട്ടു. മനുഷ്യനെന്ന പരിഗണനപോലും നഷ്ടമായ തൊഴിലാളികളുടെ പ്രതിഷേധത്തിന്റെയും പ്രതികരണത്തിന്റെയും ഓർമ്മകളാണ് മെയ്ദിനം നമുക്ക് മുൻപിൽ വയ്ക്കുന്നത്.

അൻപത് കോടിയിൽ പരം പേരാണ് ഇന്ത്യയിൽ തൊഴിൽ മേഖലയിൽ ഉള്ളവർ. ഇവരിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിത തൊ ഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽ സംരക്ഷണം, സാമൂഹിക

സുരക്ഷ എന്നിവ ഇല്ലാത്ത തൊഴിലാളികൾ ആണ് അസംഘടിത തൊഴിലാളികൾ. അഞ്ച് ഏക്കർ ഭൂമി വരെയുള്ള ചെറുകിട കർഷകർ, ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ള ചെറുകിട സംരംഭകർ എന്നീ വിഭാഗങ്ങളെയും അസംഘടിത തൊഴിലാളികളെന്ന വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തെ അടിസ്ഥാന ജനവിഭാഗങ്ങളാണ് അസംഘടിത തൊഴിലാളികൾ. ഇൻഷുറൻസ്, പ്രസവാവധി, ഗ്രാറ്റ്യുവിറ്റി, തൊഴിൽ സുരക്ഷ, പെൻഷൻ തുടങ്ങിയ സാമൂഹിക സുരക്ഷാപദ്ധതികൾ ലഭ്യമല്ലാത്തവരാണ് അസംഘടിത തൊഴിലാളികൾ. മാന്യമായ വേതനം ഇല്ലാത്ത സാഹചര്യം, തൊഴിൽ ലഭ്യത ഉറപ്പില്ലാത്ത അവസ്ഥ, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ലഭ്യതക്കുറവ്, ദാരിദ്ര്യത്തിൽനിന്നും കരകയറാനാകാത്തത്, അധികാരികളുടെ തൊഴിലാളി വിരുദ്ധ നിലപാടുകൾ, അതിസാങ്കേതികത സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങളാൽ ഇന്നത്തെ തൊഴിലാളി സമൂഹം ഏറെ ഞെരുക്കപ്പെടുന്ന സാഹചര്യത്തിലാണെന്ന് നമുക്ക് അറിയാം. ഇത്തരം പ്രശ്നങ്ങൾ മുഖ്യമായും ബാധിക്കുക അസംഘടിത മേഖലയിലെ തൊഴിലാളികളെയാണ്.

5. നമ്മുടെ രാജ്യത്തെ സമകാലീന സാഹചര്യങ്ങളിൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ ദൈനംദിന ജീവിതം കൂടുതൽ ബുദ്ധിമുട്ടു നിറഞ്ഞതായി മാറിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ വളർച്ചാനിരക്കിൽ ഗണ്യമായ തോതിൽ കുറവു വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ കഴിഞ്ഞ ജനുവരി മാസത്തിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ ഓക്സ്ഫാം റിപ്പോർട്ടനുസരിച്ച് രാജ്യത്തെ വൻകിട കോർപ്പറേറ്റുകളുടെ സ്വത്തിൽ ഈ വർഷവും വലിയ തോതിൽ ഉള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇന്ത്യയിലെ ആകെ സ്വത്തിന്റെ എഴുപത് ശതമാനവും ഉന്നതരായ പത്ത് ശതമാനത്തിന്റെ പക്കലാണ്. കേവലം ഒരു ശതമാനം വരുന്ന കോർപ്പറേറ്റുകളുടെ കൈവശം രാജ്യത്തെ ജനങ്ങളിലെ എഴുപത് ശതമാനത്തിൽ പരം വരുന്ന താഴെത്തട്ടിൽ വസിക്കുന്ന 95.3 കോടി ജനങ്ങളെക്കാൾ സമ്പത്ത് ശേഖരിക്കപ്പെട്ടിട്ടുണ്ടെന്ന് ഈ റിപ്പോർട്ട് സൂചിപ്പിക്കുന്നു. സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് ഇന്ത്യയിൽ പ്രതിദിനം വർദ്ധിച്ചുവരികയാണെന്നും ഈ റിപ്പോർട്ടിൽ പറയുന്നു.

6. തൊഴിലുറപ്പു പദ്ധതി, കർഷക ക്ഷേമപദ്ധതി, അസംഘടിത തൊഴിലാളി ക്ഷേമപദ്ധതികൾ എന്നിവയുൾപ്പെടെയുള്ള തൊഴിലാളി ക്ഷേമപദ്ധതികളിലേക്കുള്ള സർക്കാർ വിഹിതം വെട്ടിക്കുറക്കപ്പെടുകയാണ്. ആവിഷ്കരിക്കപ്പെട്ട പല പദ്ധതികളും രാഷ്ട്രീയ നേട്ടങ്ങൾക്കും മൂലധന താത്പര്യങ്ങൾക്കുമനുസരിച്ച് മാറ്റിമറിക്കപ്പെടുമ്പോൾ

സർക്കാർ പദ്ധതികളിൽ വിശ്വാസം നഷ്ടമാകുന്ന തൊഴിലാളികൾ സ്വയം പിൻവലിയുകയും ചെയ്യുന്നു.

സാമൂഹിക സുരക്ഷയുൾപ്പെടെയുള്ള പരിരക്ഷകൾ ഉണ്ടായിരുന്ന സംഘടിത മേഖലയിലും അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം തുടങ്ങി എല്ലാ മേഖലകളിലും വ്യവസായ സ്ഥാപനങ്ങളിലും ദിവസവേതനക്കാരും കരാർ ജീവനക്കാരും കൂടിവരുന്നു. ഇപ്പോൾ നടത്തപ്പെട്ടുക്കൊണ്ടിരിക്കുന്ന തൊഴിൽ നിയമ ഭേദഗതികളിലൂടെ തൊഴിലാളിയുടെ നിലവിലുള്ള പല അവകാശങ്ങളും നിഷേധിക്കുന്നുവെന്ന് മാത്രമല്ല വ്യവസായ ഉടമകൾക്ക് സർവസ്വാതന്ത്ര്യവും നിയമ പരിരക്ഷയും ഉറപ്പാക്കുന്നു എന്ന ആക്ഷേപം വ്യാപകമായി ഉയർന്നു വരുന്നുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾ വിവേചനരഹിതമായി വിറ്റഴിക്കപ്പെടുന്നതും തൊഴിലാളികളെ ആശങ്കാകുലരാക്കുന്നുണ്ട്. കൂടാതെ രാഷ്ട്രീയകലഹങ്ങളും കൊലപാതകങ്ങളും വർഗീയസംഘർഷങ്ങളും പ്രകൃതി ദുരന്തങ്ങളും മഹാമാരികളും അസംഘടിത തൊഴിലാളികളുടെ ജീവിതങ്ങളെ തകർത്തെറിയുന്നു. രാഷ്ട്രീയ, തൊഴിൽ വിഭാഗീയതയിലൂടെ സംഘശേഷി ചോർന്നുപോയ തൊഴിലാളി സമൂഹത്തിന്റെ ഒന്നുചേരലിനുള്ള ചിന്തകളാകണം മെയ്ദിനത്തിൽ ഉയരേണ്ടത്.

7. സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങൾ മാത്രമല്ല, ശാസ്ത്ര വികാസവും തൊഴിൽ മേഖലയിൽ സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നുണ്ട്. കാർഷിക, വ്യാവസായിക സേവനമേഖലകളിൽ സാങ്കേതികത കൂടി ഉൾച്ചേർന്നപ്പോഴാണ് പുരോഗതി ഉണ്ടാവുകയും സാമ്പത്തിക വളർച്ച ഉണ്ടാവുകയും ചെയ്തത്. ഇതു തന്നെയാണ് തൊഴിൽ നഷ്ടത്തിനും മൽസരത്തിനും കളമൊരുക്കിക്കൊണ്ടിരിക്കുന്നതും. മാറിയ തൊഴിൽ സാഹചര്യത്തിനനുസൃതമായ പരിശീലനങ്ങൾ അസംഘടിത തൊഴിലാളികൾക്ക് ലഭിക്കാതെ വരുന്നതിനാൽ അവർ സാങ്കേതിക മേഖലയിൽ നിന്ന് പിന്തള്ളപ്പെടുകയും തൊഴിൽ ഇല്ലാത്തവരായി മാറുകയും ചെയ്യുന്നു.

8. ഈ സാഹചര്യത്തിലാണ് ഫ്രാൻസിസ് പാപ്പാ, ''ലൗദാത്തോസി'' യുടെ മൂന്നാം അദ്ധ്യായത്തിൽ ചർച്ചചെയ്യുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്ക്സ് എന്നിവയെക്കുറിച്ച് ചിന്തിക്കേണ്ടതായി വരുന്നത്. മനുഷ്യനു ചെയ്യാൻ സാധ്യമായതിനപ്പുറമുള്ള കാര്യങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിതമായി ചെയ്തെടുക്കുന്നതാണ്, ലളിതമായി പറഞ്ഞാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. തെറ്റുവരാനുള്ള സാധ്യത കുറവ്, വേഗത, കൃത്യത, തൊഴിലാളികളുടെ എണ്ണക്കുറവ്, മാനുഷിക ആവശ്യങ്ങൾക്കായുള്ള ഭൗതിക സാഹചര്യം

സൃഷ്ടിക്കൽ, തൊഴിൽ പ്രശ്നങ്ങൾ, സംഘർഷങ്ങൾ ഇല്ലാത്ത സാഹചര്യം എന്നിവയെല്ലാം ഇതിന്റെ ഗുണങ്ങളാണ്. എന്നാൽ, ഉയർന്ന മുതൽമുടക്ക്, മനുഷ്യ ബുദ്ധിയോടുണ്ടാകുന്ന അവഗണന, സർഗാത്മകതയുടെ അഭാവം, തൊഴിലില്ലായ്മയുടെ വർദ്ധനവ് തുടങ്ങിയവ ഇവ മൂലമുണ്ടാകന്ന പ്രശ്നങ്ങളാണ്. 2030 ആകുമ്പോഴേക്കും തൊഴിൽ മേഖലയിലെ ഇരുപത് ലക്ഷത്തിൽപരം അവസരങ്ങൾ റോബോട്ടുകൾ കൈയടക്കുമെന്നാണ് കണക്ക്.

9. ആർട്ടിഫിഷ്യൽ ഇന്റിലിജൻസും റോബോട്ടിക്ക്സും തൊഴിൽ മേഖലയെ മാറ്റിമറിക്കുമ്പോൾ ഇന്നത്തെ സംഘടിത മേഖലയിൽ വൻവ്യതിയാനങ്ങൾ സംഭവിക്കും. പ്രസവാവധി വോത്ത, പെൻഷനും ഗ്രാറ്റ്യുവിറ്റിയും ഇൻഷുറൻസും വോത്ത, തൊഴിലാളി യൂണിയനുകളില്ലാത്ത അവധിയും വിശ്രമവുമില്ലാതെ പ്രവർത്തിക്കുന്ന റോബോട്ടുകളെ ഏതു തൊഴിൽ ദാതാവാണ് പ്രയോജനപ്പെടുത്താതിരിക്കുക? ഇന്ത്യപോലുള്ള രാജ്യത്ത് വിവേചനരഹിതമായ റോബോട്ടു വത്ക്കരണം വലിയ പ്രതിസന്ധികൾ ഉളവാക്കും.

10. ലോകത്തുണ്ടായ മാറ്റങ്ങളാണ് തൊഴിൽ മേഖലയെ മുന്നോട്ടു നയിച്ചത്. അവിടെയെല്ലാം മനുഷ്യന് പ്രാമുഖ്യം നല്കുന്ന സമീപനമാണ് തിരുസഭ സ്വീകരിച്ചിട്ടുള്ളത്. തൊഴിലാളിയെയും അയാളുടെ കുടുംബത്തെയും പൊതുസമൂഹത്തെയും തൊഴിൽദാതാവിനെയും ഒരേപോലെ പരിഗണിക്കുന്നതാണ് സഭയുടെ തൊഴിൽ ദർശനം. തൊഴിലാളിക്ക് ജീവനക്കൂലി മാത്രമല്ല, കുടുംബത്തെ സംരക്ഷിക്കുന്നതിനുള്ള കൂലി കൂടി നല്കണമെന്നും തൊഴിൽ ദാതാവും തൊഴിലാളിയും തമ്മിൽ ഉഭയസമ്മതം നടത്തിയിട്ടുണ്ടെന്നിരുന്നാലും നിയമാനുസൃതമല്ലാത്തതായ കുറഞ്ഞ കൂലി നീതിയുക്തമാകില്ലെന്നും പഠിപ്പിക്കുന്ന സഭ, കൂലി നിശ്ചയിക്കുമ്പോൾ തൊഴിലാളിയുടെയും കുടുംബത്തിന്റെയും സുസ്ഥിതി, സ്ഥാപനത്തിന്റെ നിലനില്പ്, പൊതുനന്മയുടെ സൂക്ഷിപ്പ് എന്നിവ പരിഗണിക്കപ്പെടണമെന്നും ഊന്നിപ്പറയുന്നു.

11. അതിനാൽ, കേരളസഭയുടെ തൊഴിലാളി മേഖലയിലെ പ്രവർത്തനങ്ങൾക്കായി രൂപീകൃതമായ ലേബർ കമ്മീഷന്റെയും അതിന്റെ ഔദ്യോഗിക പ്രസ്ഥാനമായ കേരള ലേബർ മൂവ്മെന്റിന്റെയും പ്രവർത്തനങ്ങൾ കരുത്തുറ്റതാക്കപ്പെടേണ്ടതുണ്ട്. നിലവിലുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി അവസരങ്ങളെ അനുകൂലമാക്കി അതിജീവനത്തിന് കരുത്തുപകരാൻ തൊഴിലാളികളെ സഹായിക്കാൻ കെ.എൽ.എം എല്ലാ രൂപതകളിലും ഇടവകകളിലും രൂപീകരിക്കപ്പെടണം. സർക്കാർ പദ്ധതികളുടെ

പ്രയോജനപ്പെടുത്തൽ, സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് കരുത്താർജ്ജിക്കൽ, ലേബർ ബാങ്കുകൾക്ക് രൂപം നല്കി തൊഴിൽ ലഭ്യമാക്കൽ, ഫിനീഷിംഗ് സ്കൂളുകളിലൂടെ തൊഴിലാളിയുടെ നൈപുണ്യ വികസനം, ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിലൂടെയും ക്ഷേമനിധി അംഗത്വത്തിലൂടെയും സുരക്ഷ ഉറപ്പാക്കൽ, തൊഴിലാളി ഫോറങ്ങളിലൂടെ സംഘശക്തിയായി പ്രവർത്തിക്കാനുള്ള അവസരം സൃഷ്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കേരള ലേബർ മൂവ്മെന്റ് ഏറ്റെടുത്ത് നടത്തിവരുന്നു. കെ.എൽ.എം.ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനവും എല്ലായിടങ്ങളിലേക്കും വ്യാപിപ്പിക്കണം. തൊഴിലാളികൾ സംഘടിതരായി നിലനിന്നെങ്കിൽ മാത്രമേ അവകാശങ്ങൾ സംരക്ഷിക്കാനാകൂ എന്ന കാര്യം എല്ലാ തൊഴിലാളികളെയും ഓർമ്മപ്പെടുത്തുന്നു.

കേരളത്തിലെ രൂപതകളുടെയും വിവിധ സന്യാസ സമൂഹങ്ങളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് ചിട്ടപ്പെടുത്തുന്നതിനുള്ള മാർഗനിർദേശക നയരേഖ (പീപ്പിൾ മാനേജ്മെന്റ് പോളിസി) കെ.സി.ബി.സി പുറത്തിറക്കിയിട്ടുണ്ട്. ഇവ നടപ്പിലാക്കാനുള്ള ചുമതല നമുക്കുണ്ട്. കെ.എൽ.എം.ന്റെ സേവനം ഫലപ്രദമായി ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വിവിധ സ്ഥാപനങ്ങളിൽ നിയമാനുസൃത ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് കെ.സി.ബി.സി പുറത്തിറക്കിയ രേഖ നിർദേശിക്കുന്ന സംവിധാനങ്ങൾ എല്ലാ സ്ഥാപനങ്ങളിലും രൂപപ്പെടുത്താൻ ശ്രദ്ധിക്കണം.

12. പുതിയ തൊഴിൽ മേഖലകൾ ഉരുത്തിരിഞ്ഞു വരുന്നതിനനുസരിച്ച് തൊഴിൽ പരിശീലനങ്ങൾ നല്കുന്ന സംവിധാനങ്ങൾ വികസിപ്പിക്കുക, മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ സാഹചര്യത്തെക്കുറിച്ച് തൊഴിലാളികളെ ബോധമുള്ളവരാക്കുക, നൂതന ഉപഭോക്തൃ തൊഴിൽ സംരംഭങ്ങൾക്ക് രൂപം നല്കുക, ആധുനിക കൃഷിരീതികളിൽ പരിശീലനം നേടി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, മത്സ്യമേഖലയിലെ തൊഴിൽ സാധ്യതകളെ ശാസ്ത്രീയമായി പരിവർത്തിതമാക്കുക തുടങ്ങി നവീന സാധ്യതകളെ മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിച്ച് തൊഴിൽ മേഖലയെ ശക്തിപ്പെടുത്താൻ കേരള ലേബർ മൂവ്മെന്റ് നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാ രൂപതകളുടെയും അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും സഹകരണവും കുടുംബയൂണിറ്റുകൾ/ ബിസിസികൾ വഴി പ്രവർത്തനങ്ങൾ

താഴെത്തട്ടിലേക്കെത്തിക്കാൻ എല്ലാ അല്മായ സഹോദരങ്ങളുടെയും സന്മനസ്സും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനേകായിരം അന്യസംസ്ഥാന തൊഴിലാളികളും നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നു. അവരുടെ അജപാലന ആവശ്യങ്ങൾ ,സാമൂഹിക സുരക്ഷ എന്നീ കാര്യങ്ങൾക്ക് നാം പ്രത്യേക മുൻഗണന നല്കണം. അതിനാൽ ഈ വർഷം നമ്മുടെ എല്ലാ ഇടവക കളിലും കെ.എൽ.എം യൂണിറ്റുകൾ രൂപീകരിക്കണമെന്നും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷനും കേരള ലേബർ മൂവ്മെന്റും മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനങ്ങളോടു സഹകരിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. തൊഴി ലാളികളുടെ സ്വർഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ സഹാ യത്താൽ ദൈവത്തിന്റെ കാരുണ്യവും കനിവും നമ്മിലുണ്ടാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

സർക്കുലർ

**20 Ch. 236-313**

2020 ഏപ്രിൽ 03

# അത്യപൂർവ്വമായൊരു പെസഹാചരണം

പ്രിയപ്പെട്ട അതിരൂപതാ കുടുംബാംഗങ്ങളേ,

നമ്മുടെ ജീവിതത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരനുഭവത്തിലൂടെ നമ്മൾ കടന്നുപോകുകയാണ്. നമ്മുടെ ദൈവാലയങ്ങളിൽ പതിവനുസരിച്ചുള്ള ആരാധനാ ശുശ്രൂഷകൾ നടത്തുവാനോ അവയിൽ പങ്കെടുക്കാനോ സാധിക്കാത്ത അവസ്ഥയിലാണു നാം. ലോകത്തെ മുഴുവൻതന്നെ ബാധിച്ചിരിക്കുന്ന കോവിഡ്-19 എന്ന പകർച്ചവ്യാധിയാണല്ലോ നമ്മെ ഈ അവസ്ഥയിലാക്കിയിരിക്കുന്നത്. ബുദ്ധിയും ശക്തിയുമുള്ള മനുഷ്യനെ കൊറോണ വൈറസ് എന്ന സൂക്ഷ്മജീവികൾ അക്ഷരാർത്ഥത്തിൽ പിടിച്ചുകെട്ടിയിരിക്കുന്നു എന്നു പറയാം. മനുഷ്യന്റെ പ്രവർത്തന സ്വാതന്ത്ര്യവും സഞ്ചാരസ്വാതന്ത്ര്യവും, ആരാധനാസ്വാതന്ത്ര്യം പോലും ഈ ജീവികൾക്ക് അടിമപ്പെടുത്തേണ്ടി വന്നിരിക്കുന്നു. നമ്മൾ ഇവയൊക്കെ അതിജീവിച്ച് മുന്നേറും എന്നതിനു സംശയമില്ല. പക്ഷെ, അതിനുമുമ്പ് പതിനായിരങ്ങളുടെ, ഒരുപക്ഷെ ലക്ഷങ്ങളുടെ ജീവൻ അപഹരിക്കപ്പെടാം. എല്ലാത്തലങ്ങളിലും സംഭവിച്ചിരിക്കുന്ന നിശ്ചലാവസ്ഥ ഭാവിയിൽ എന്തെല്ലാം നഷ്ടങ്ങളാണ് ഉളവാക്കുകയെന്നും ജനജീവിതത്തെ എപ്രകാരമൊക്കെ ബാധിക്കുമെന്നും ഇപ്പോൾ തിട്ടപ്പെ

ടുത്താനാവില്ല. ഒരു ലോകമഹായുദ്ധത്തേക്കാളും ഭീകരമായ അവസ്ഥയാണു സംജാതമായിരിക്കുന്നതെന്നും വിലയിരുത്തപ്പെടുന്നു. രാഷ്ട്രങ്ങളെത്തന്നെ വരുതിയിൽ നിർത്താൻ കരുത്തുള്ള വൻകിട രാഷ്ട്രങ്ങൾപോലും ഈ വൈറസ്ബാധയുടെമുമ്പിൽ പതറിപ്പോകുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. സൈന്യബലവും ആയുധബലവും വർദ്ധിപ്പിച്ച് ശത്രുരാജ്യങ്ങളെ വിരട്ടാൻ ശ്രമിക്കുന്നവർതന്നെ ഈ സൂക്ഷ്മജീവികളുടെ മുമ്പിൽ വിരണ്ടുപോകുന്നു.

നമ്മൾ നേടി എന്നു കരുതുന്ന വളർച്ചയും സ്വയംപര്യാപ്തതയും മാത്രം നമ്മെ രക്ഷിക്കുകയില്ലെന്നുള്ള തിരിച്ചറിവ് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. എവിടെയൊക്കെയോ ചില പാകപ്പിഴകൾ സംഭവിക്കുന്നുണ്ട്. അവ കണ്ടെത്തി തിരുത്താൻ, ശത്രുതയും മാത്സര്യവും സ്വാർത്ഥതയും വെടിഞ്ഞ്, ലോകജനത ഒരുമിച്ച് പരിശ്രമിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഏതായാലും വളരെ ആശങ്കാകുലവും അപൂർവ്വവുമായ ഒരു സാഹചര്യത്തിലാണ് ഈ വർഷം നമ്മൾ പെസഹാചരണം നടത്തേണ്ടിവന്നിരിക്കുന്നത്. ഈ അവസ്ഥയിലും അതെങ്ങനെ പ്രയോജനപ്പെടുത്താം എന്നതു സംബന്ധിച്ച് ചില കാര്യങ്ങൾ അതിരൂപതാംഗങ്ങളെല്ലാവരെയും അറിയിക്കാനാഗ്രഹിക്കുന്നു. അതനുസരിച്ച് പരമാവധി സഹകരിച്ച് പെസഹാചരണം അനുഗ്രഹപ്രദമാക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**മിശിഹായുടെ പെസഹാ**

പെസഹാസംഭവത്തെ പ്രത്യേകമായി അനുസ്മരിച്ച് ആഘോഷപൂർവ്വം നടത്തുന്ന സഭയുടെ ആരാധനാശുശ്രൂഷയാണു പെസഹാചരണം. ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം, ഉയിർപ്പ് എന്നിവ ഉൾക്കൊള്ളുന്നതാണ് പെസഹാസംഭവം. ഇവയെല്ലാം മിശിഹായിൽ സംഭവിച്ചതായതുകൊണ്ട് മിശിഹാസംഭവം എന്നും വിളിക്കുന്നു. ഈശോ പീഡകൾ സഹിച്ചുമരിച്ചത് മനുഷ്യകുലത്തിന്റെ പാപത്തിനു പരിഹാരമായിട്ടാണ്. അതിനാൽ പെസഹാസംഭവം മിശിഹായുടെ പാപപ്പരിഹാരബലിയാണ്. തന്റെ ഏകപുത്രന്റെ ആ ബലിയിൽ പിതാവായ ദൈവം സംപ്രീതനാവുകയും മനുഷ്യന്റെ പാപത്തിനു പരിഹാരമായി ബലി സ്വീകരിക്കുകയും ചെയ്തു. ദൈവം ബലിസ്വീകരിച്ചതോടെയാണ് ആ ബലിയർപ്പണം പൂർത്തീകരിക്കപ്പെട്ടത്. ഈശോ മരണത്തെ പരാജയപ്പെടുത്തി ഉയിർത്തെഴുന്നേറ്റത് ദൈവം അവിടുത്തെ ബലിയർപ്പണം സ്വീകരിച്ചു എന്നതിനു തെളിവായി. ഈശോ ഉയിർത്തില്ലായിരുന്നെങ്കിൽ അവിടുത്തെ ബലിയർപ്പണം ഫലശൂന്യമാകുമായിരുന്നു. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ പറഞ്ഞത്, ''മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ

വിശ്വാസം വ്യർത്ഥം, ഞങ്ങളുടെ പ്രസംഗവും വ്യർത്ഥം''(1 കോറി. 15: 16) എന്ന്. തന്റെ ഉയിർപ്പിലൂടെ ഈശോ എല്ലാവർക്കും നിത്യജീവന്റെ ഉടയവനും ദാതാവുമായി.

തന്മൂലം പെസഹാസംഭവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രഹസ്യം മിശിഹായുടെ ഉയിർപ്പാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതി കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് മിശിഹായുടെ പെസഹാസംഭവത്തിലും അതു പൂർത്തീകരിക്കപ്പെട്ടു സഫലമായത് അവന്റെ ഉയിർപ്പിലുമാണ്. അതുകൊണ്ടാണു സഭയിലെ ഏറ്റവും വലിയ തിരുനാളാഘോഷമായി, തിരുനാളുകളുടെ തിരുനാളായി ഉയിർപ്പുതിരുനാൾ ആചരിക്കപ്പെടുന്നത്. സഭയുടെ ആരാധനാവത്സരംതന്നെ ക്രമീകരിക്കപ്പെട്ടിരിക്കുന്നത് ഉയിർപ്പുതിരുനാളിനെയും പെസഹാചരണത്തെയും കേന്ദ്രീകരിച്ചാണ്. പരിശുദ്ധ കുർബാനയും പെസഹാസംഭവത്തിന്റെ ആഘോഷമാണ്.

ഈശോയുടെ പീഡാസഹനം, മരണം, സംസ്കാരം, ഉയിർപ്പ് എന്നീ രക്ഷാ രഹസ്യങ്ങൾ അടങ്ങുന്ന പെസഹാസംഭവം യഥാർത്ഥത്തിൽ ഏകസംഭവമായിട്ടാണ് ആഘോഷിക്കപ്പെടുന്നത്. പെസഹാ ഒരു കടന്നുപോകലാണല്ലോ. മിശിഹായുടെ രക്ഷാകരമായ കടന്നുപോകലിന്റെ വിവിധ ഘട്ടങ്ങളാണ് പീഡാസഹനം, മരണം, സംസ്കാരം, ഉയിർപ്പ് എന്നിവ. പെസഹാവ്യാഴാഴ്ചയിലെ സായാഹ്നശുശ്രൂഷയോടെ ആരംഭിച്ച് ഞായറാഴ്ചയിലെ ഉയിർപ്പാഘോഷത്തോടെ സമാപിക്കുന്ന മൂന്ന് ദിവസങ്ങളിലായിട്ടാണ് പെസഹാസംഭവം അനുസ്മരിച്ച് ആഘോഷിക്കുന്നത്. പെസഹായുടെ ത്രിദിനങ്ങൾ എന്നു വിളിക്കുന്ന ഈ ദിവസങ്ങളിലെ പെസഹാചരണമാണ് ആരാധനാവത്സരത്തിൽ ഏറ്റവും പ്രധാനപ്പെട്ട ആരാധനാനുഷ്ഠാനം. കാരണം, പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽനിന്ന് രക്ഷകനായ മിശിഹായിലൂടെ ദൈവം മനുഷ്യകുലത്തെ വീണ്ടെടുത്ത സംഭവത്തിന്റെ സവിശേഷമായ അനുസ്മരണവും കൗദാശികാഘോഷവുമാണത്; മനുഷ്യന്റെ പാപത്തിനു പരിഹാരമായുള്ള രക്ഷകന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ആഘോഷപരമായ അനുസ്മരണവും ആചരണവുമാണത്; മനുഷ്യകുലത്തെ പാപത്തിലേക്ക് നയിച്ച സാത്താന്റെയും, പാപത്തിന്റെ ഫലമായ മരണത്തിന്റെയും അടിമത്വത്തിൽനിന്നു മോചിപ്പിച്ച് അവരെ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കും നിത്യജീവനിലേക്കും ആനയിച്ച രക്ഷകന്റെ വിജയാഘോഷമാണത്.

**നമ്മുടെയും പെസഹാ**

ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലിലൂടെ ഈജിപ്തിലെ അടിമത്വത്തിൽനിന്നു മോചിതരായ ഇസ്രായേൽജനം മൂശെയുടെ നേതൃത്വ

ത്തിൽ സ്വാതന്ത്ര്യത്തിന്റെ കാനാൻദേശത്തേക്ക് യാത്രചെയ്തു. ചെങ്കടലും യോർദ്ദാൻനദിയും കടന്ന് അവർ വാഗ്ദാനം ചെയ്യപ്പെട്ട കാനാൻദേശത്തെത്തി. മനുഷ്യവർഗ്ഗത്തെ ആത്മീയാടിമത്വത്തിൽനിന്നു മോചിപ്പിച്ച് സ്വർഗ്ഗമാകുന്ന നിത്യസ്വാതന്ത്ര്യത്തിന്റെ കാനാൻദേശത്തേക്കു നയിക്കുവാൻ നിയോഗിക്കപ്പെട്ട പുതിയ മൂശെയാണ് രക്ഷകനായ ഈശോ. അവന്റെ ആത്മബലി മരണത്തിലൂടെ ജീവനിലേക്കുള്ള കടന്നുപോകലായിരുന്നു; മനുഷ്യകുലത്തെ രക്ഷിച്ചുകൊണ്ടുള്ള രക്ഷകന്റെ കടന്നുപോകൽ. അതാണ് ഈശോയുടെ പെസഹാ. ഈ പെസഹായിൽ - കടന്നുപോകലിൽ - നമ്മളും പങ്കുചേരണം. മിശിഹായുടെ സഹനത്തിലും മരണത്തിലും സംസ്കാരത്തിലും ഉയിർപ്പിലും നാം പങ്കുചേരണം. അപ്പോൾ മിശിഹായുടെ പെസഹായിൽ - മരണത്തിലൂടെ ജീവനിലേക്കുള്ള കടന്നുപോകലിൽ - നമ്മളും പങ്കാളികളാകും. മിശിഹായുടെ പെസഹാ നമ്മുടെയും പെസഹാ ആകും. ഇങ്ങനെയൊരു പെസഹാനുഭവം ആഴത്തിൽ പകർന്നുതരുന്ന സഭയുടെ ആരാധനാനുഷ്ഠാനമാണു പെസഹാചരണം. അതിനാൽ പെസഹായുടെ ത്രിദിനങ്ങൾ കഴിയുന്നിടത്തോളം ഭക്തിനിർഭരമായി, പ്രാർത്ഥനാപൂർവ്വം ആചരിക്കാൻ നമ്മുക്കു പരിശ്രമിക്കാം.

ഏറ്റവും വലിയ രക്ഷാകരസംഭവമായ മിശിഹായുടെ ഉയിർപ്പിനെ കേന്ദ്രീകരിച്ചുള്ള പെസഹാത്തിരുനാളാഘോഷത്തിനു ഒരുക്കമായിരുന്നു വലിയ നോമ്പാചരണം. ഈശോയുടെ 40 ദിവസത്തെ ഉപവാസത്തെ അനുസ്മരിച്ചുകൊണ്ടുള്ള ഈ നോമ്പാചരണം പെസഹാവ്യാഴാഴ്ചയിലെ മദ്ധ്യാഹ്നപ്രാർത്ഥനയോടുകൂടി (എന്താനാ) സമാപിക്കുന്നു. ഞായറാഴ്ചകൾ ഒഴിവാക്കിയാൽ അന്ന് നോമ്പിന്റെ 40 ദിവസം പൂർത്തിയാകും. തുടർന്ന് സായാഹ്നശുശ്രൂഷയോടുകൂടി ത്രിദിന പെസഹാചരണത്തിനു തുടക്കം കുറിക്കുകയും ചെയ്യുന്നു.

**പെസഹാനുഭവം കുടുംബങ്ങളിൽ**

ഈ വർഷം ദൈവാലയങ്ങളിൽ പൊതുവായ തിരുക്കർമ്മങ്ങൾ നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ കുടുംബങ്ങൾക്ക് എപ്രകാരം പെസഹാചരണത്തിൽ പങ്കുചേരാൻ സാധിക്കുമെന്ന് ചിന്തിക്കാം. ''ഗാർഹികസഭകൾ''എന്ന നിലയിൽ നമ്മുടെ കുടുംബങ്ങൾ കൊച്ചുദൈവാലയങ്ങളാണെന്നു മനസ്സിലാക്കി അവയുടെ കൂടുതൽ വിശുദ്ധീകരണത്തിനു ഈ ആചരണങ്ങൾ പ്രയോജനപ്പെടുത്താം.

സഭയുടെ ഔദ്യോഗികമായ ആരാധനാകർമ്മങ്ങളിൽ പങ്കുചേരാൻ വിശ്വാസികൾ യോഗ്യരാകുന്നത് മാമ്മോദീസായിലൂടെ ലഭിക്കുന്ന പൊതുപൗരോഹിത്യം ഉള്ളതുകൊണ്ടാണ്. ''നിങ്ങൾ ... ഈശോമിശി

ഹാവഴി ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാവുകയും ചെയ്യട്ടെ. ... നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്'' (1 പത്രോ. 2: 5– 9) എന്ന് പത്രോസ് ശ്ലീഹാ എഴുതിയിരിക്കുന്നു. ഇപ്രകാരം ഉന്നതമായ വിളി ലഭിച്ചതിൽ സന്തോഷിച്ചും ദൈവത്തിന് നന്ദിപറഞ്ഞും പെസഹാചരണത്തിൽ പങ്കുചേരാം. കുടുംബങ്ങളിൽ നടത്തുന്ന പ്രാർത്ഥനാശുശ്രൂഷകൾക്ക് സാധിക്കുന്നിടത്തോളം കുടുംബനാഥനോ കുടുംബനാഥയോ നേതൃത്വം നൽകണം.


**അനുതാപവും നവീകരണവും**

ഈശോയുടെ പീഡാസഹനം, മരണം, സംസ്കാരം, ഉയിർപ്പ് എന്നീ രക്ഷാകരസംഭവങ്ങളാണല്ലോ പെസഹാചരണത്തിലെ പ്രധാനപ്പെട്ട ധ്യാനവിഷയങ്ങൾ. ഈശോ തന്റെ മനുഷ്യത്വത്തിൽ, ശരീരത്തിലും മനസ്സിലും അഗാധമായ വേദന സഹിച്ചാണു മരിച്ചത്. മനുഷ്യകുലത്തിന്റെ പാപങ്ങളാണ് അതിന് കാരണമായത്. വലിയനോമ്പിലുടനീളവും പെസഹാചരണ ദിവസങ്ങളിലും ഈശോയുടെ പീഡാസഹനവും മരണവും നമ്മൾ പ്രത്യേകമായി അനുസ്മരിച്ചു പ്രാർത്ഥിക്കുന്നുണ്ട്. ഈശോയുടെ പീഡാനുഭവരംഗങ്ങളെ സ്ലീവാപ്പാതയിലൂടെ നമ്മൾ അനുസ്മരിക്കുന്നു. ഈശോയുടെ പീഡാനുഭവത്തെ ധ്യാനിക്കുന്നതോടൊപ്പം അവയ്ക്കു കാരണമായി നമ്മുടെ ശരീരംകൊണ്ടും മനസ്സുകൊണ്ടും വിചാരവികാരങ്ങൾകൊണ്ടുമൊക്കെ നമ്മൾ ചെയ്തിട്ടുള്ള പാപങ്ങളോർത്ത് അനുതപിക്കുകയും അതിന് നമ്മുടേതായ പരിഹാരം ചെയ്ത് കർത്താവിന്റെ പീഡാസഹനത്തോടു ചേർത്ത് സമർപ്പിക്കുകയും ചെയ്യാം.

നമ്മുടെ കണ്ണുകളും കാതുകളും അധരങ്ങളും കൈകാലുകളുമൊക്കെ പാപത്തിനു കാരണമായിട്ടുണ്ടാവും. വേദനിപ്പിക്കുന്ന സംസാരം, അരുതാത്ത കാഴ്ചകൾ, ദുഷിച്ച ശ്രവണം, മ്ലേച്ഛമായ പ്രവൃത്തികൾ, അശുദ്ധി നിറഞ്ഞ ചിന്തകൾ, കഴിവുകളുടെ ദുരുപയോഗങ്ങൾ, സ്നേഹത്തിനു വിരുദ്ധമായ പ്രവൃത്തികൾ, ദ്രവ്യാഗ്രഹം, ദൈവകൽപനകളുടെ ലംഘനം, കുരുന്നുജീവനുകളെ നശിപ്പിക്കുന്ന ഭ്രൂണഹത്യ, മദ്യാസക്തി, വ്യഭിചാരം, അഹങ്കാരം, അസൂയ, പ്രതികാരചിന്ത, ആഡംബരപ്രിയം തുടങ്ങിയ നിരവധി തിന്മകൾ നമ്മുടെ ശരീരംകൊണ്ടും മനസ്സുകൊണ്ടും നമ്മൾ ചെയ്തിട്ടുണ്ടാവും. അതുപോലെതന്നെ, ദൈവനിന്ദ, അവിശ്വാസം, അന്ധവിശ്വാസം, വിഗ്രഹാരാധന, കൂടോത്രം, സാത്താൻ സേവ, പ്രാർത്ഥനകളും കൂദാശകളും ഉപേക്ഷിക്കുന്നത്, സമയം വേണ്ടവിധം ഉപയോഗിക്കാത്തത്, ചുമതലകൾ നിറവേറ്റാതിരിക്കുന്നത്, വഞ്ചന, കാപട്യം, അവിശ്വസ്തത, അനീതി, കള്ളസാക്ഷ്യം അങ്ങനെ എത്രയെത്ര

തിന്മകൾ! ''നിങ്ങൾ എന്നെയോർത്ത് വിലപിക്കേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയുമോർത്ത് വിലപിക്കുവിൻ''എന്ന ഈശോയുടെ വാക്കുകൾ അനുസ്മരിച്ചു നമ്മുടെയും നമ്മുടെ തലമുറകളുടെയും പാപങ്ങളെക്കുറിച്ചു അനുതപിച്ച് മാപ്പപേക്ഷിക്കാം. അങ്ങനെ യഥാർത്ഥമായ ജീവിതനവീകരണത്തിലൂടെ കർത്താവിന്റെ ഉയിർപ്പിന്റെ മഹത്വത്തിൽ പങ്കുചേരാൻ പെസഹാചരണം നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ അനുഗ്രഹാശംസകൾ!

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

# ഈ വർഷം വീടുകളിലെ പെസഹാചരണ ത്തിന് ചില മാർഗ്ഗനിർദ്ദേശങ്ങൾ

പ്രിയ അതിരൂപതാ കുടുംബാംഗങ്ങളേ,

ഇടവക ദൈവാലയങ്ങളിൽ പതിവനുസരിച്ച് ആചരിച്ചുകൊണ്ടിരുന്ന പീഡാനുഭവ ആഴ്ച്ചയിലെ ക്രമങ്ങൾ പ്രത്യേക സാഹചര്യത്തിൽ ഭവനങ്ങളിൽ അനുഷ്ഠിക്കുന്നതു സംബന്ധിച്ചുള്ള  മാർഗ്ഗനിർദ്ദേശങ്ങൾ.

**നാല്പതാംവെള്ളി മുതലുള്ള ആചരണങ്ങൾ**

ഓശാനാഞായറാഴ്ചയ്ക്കുമുമ്പുള്ള വെള്ളിയെ 'നാല്പതാംവെള്ളി' എന്നാണ് നമ്മൾ വിളിക്കുന്നത്. ഈ ദിവസം മുതൽ ഉയിർപ്പുഞായർ വരെ ആദ്ധ്യാത്മികജീവിതത്തിൽ കൂടുതൽ ശ്രദ്ധചെലുത്തുന്ന പതിവാണ് നമുക്കുള്ളത്. 40-ാം വെള്ളിയാഴ്ച പതിവനുസരിച്ചുള്ള ആഘോഷമായ സ്ലീവാപ്പാത നടത്തുവാൻ ഈ വർഷം സാധിക്കാത്ത സാഹചര്യത്തിൽ വീടുകളിൽ അതു ചെയ്യാവുന്നതാണ്. ദൈവാലയത്തിൽപോയി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വീടുകളിൽ എല്ലാ ദിവസവും രാവിലെ സപ്രായും വൈകിട്ടു റംശായും ചൊല്ലുന്നത് ഏറ്റവും ഉചിതമാണ്. 'സർവ്വാധിപനാം...'എന്ന കീർത്തനം ആലപിക്കുമ്പോൾ ലോകത്തിന്റെ പ്രകാശമായ മിശിഹായെ അനുസ്മരിച്ചുകൊണ്ട് വിളക്ക് തിരികൾ കത്തിച്ച് പ്രാർത്ഥനാമുറി പ്രകാശപൂരിതമാക്കിക്കൊണ്ട് ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ സാന്നിധ്യം എറ്റുപറഞ്ഞ് സ്തുതിക്കാം.

**ലാസറിന്റെ ശനി**

ഓശാനയുടെ തലേദിവസം ലാസറിന്റെ ശനിയെന്ന് അറിയപ്പെടുന്നു. പെസഹായ്ക്ക് 6 ദിവസം മുമ്പ് ഈശോ താൻ ഉയിർപ്പിച്ച ലാസറിന്റെ വീട്ടിലെത്തി അത്താഴവിരുന്നിൽ സംബന്ധിക്കുകയും, ലാസറിന്റെ സഹോദരി മറിയം വിലയേറിയ നാർദിൻ സുഗന്ധതൈലം  ഈശോയുടെ പാദങ്ങളിൽ പൂശുകയും (യോഹ. 12: 1-3) ചെയ്തതിനെ അനുസ്മരിക്കുന്നു. ഈ ദിവസം വീടുകളിൽ ശർക്കരയും സുഗന്ധവ്യഞ്ജനങ്ങളുംചേർത്ത് കൊഴുക്കട്ട ഉാക്കി ഭക്ഷിക്കുന്ന പതിവു് പലയിടങ്ങളിലുമുള്ളതു് അനുവർത്തിക്കാവുന്നതാണ്.

ഏറെ സ്നേഹത്തോടെ ലാസറിന്റെ വീട്ടിലെത്തി ആ കുടുംബത്തോടൊപ്പം അത്താഴം കഴിച്ച ഈശോ നമ്മുടെ ഭവനങ്ങളെയും സ്നേഹിക്കുന്നു. ഈശോയെ നമ്മുടെ വീടുകളിലേക്കു സ്നേഹപൂർവ്വം ക്ഷണിക്കാം. ഈശോയോടൊപ്പം ഈ ദിവസം പ്രത്യേകമായി ചെലവഴിച്ച് എല്ലാക്കാര്യങ്ങളും ചെയ്യാം.

**ഓശാന ഞായർ**

ഈശോയുടെ ആഘോഷപൂർവ്വമായ ഓറെശ്ലേം നഗരപ്രവേശനവും, നഗരവാസികൾ ഈന്തപ്പനയോല കൈകളിലേന്തി ആഹ്ലാദാരവത്തോടെ ഈശോയെ എതിരേൽക്കുന്നതും, ദൈവാലയശുദ്ധീകരണവുമാണല്ലോ ഓശാനഞായറിലെ പ്രധാന അനുസ്മരണാവിഷയങ്ങൾ. ഈശോയെ ഒരിക്കൽക്കൂടി നമ്മുടെ വീടുകളിലേക്കു സന്തോഷത്തോടെ സ്വാഗതം ചെയ്യാം. ഈശോയെ സ്വാഗതം ചെയ്യുന്നതിന്റെ അടയാളമായി കുരുത്തോലകളോ മരക്കൊമ്പുകളോ പൂക്കളോ ഉപയോഗിച്ച് വീട് അലങ്കരിക്കാം. 'ഈശോയ്ക്ക് സ്വാഗതം' എന്നുവേണമെങ്കിൽ എഴുതിവയ്ക്കാം. സപ്രാനമസ്കാരം ആഘോഷപൂർവ്വം ചൊല്ലാം.

ഏറ്റവും പ്രധാനപ്പെട്ടകാര്യം നാമോരോരുത്തരുമാണ് ദൈവത്തിന്റെ ജീവിക്കുന്ന ആലയം എന്നതാണ്. നാമാകുന്ന ദൈവാലയത്തിലേക്കു ഈശോ പ്രവേശിക്കട്ടെ. അവിടെ ഒരു ശുദ്ധീകരണം നടക്കട്ടെ. ഈശോ സക്കേവൂസിന്റെ ഭവനത്തിലെത്തിയപ്പോൾ ആ കുടുംബം ശുദ്ധീകരിക്കപ്പെട്ട് രക്ഷിക്കപ്പെട്ടു. ഈശോ സമറിയാക്കാരി സ്ത്രീയെ കണ്ടുമുട്ടിയപ്പോൾ അവളും ശുദ്ധീകരിക്കപ്പെട്ട് വലിയ പ്രേഷിതയായി. ആവശ്യമായ ശുദ്ധീകരണം നമ്മുടെ കുടുംബങ്ങളിലും ജീവിതത്തിലും ഉളവാക്കുന്ന അവസരമാകട്ടെ ഈ വർഷത്തെ ഓശാന ഞായർ.

**ഓശാന കഴിഞ്ഞുള്ള തിങ്കൾ, ചൊവ്വ, ബുധൻ**

രാവിലെ സപ്രായും വൈകുന്നേരം റംശായും, താല്പര്യമനുസരിച്ച് മറ്റു പ്രാർത്ഥനകളും ചൊല്ലുക. വേദപുസ്തകവായനയിലും കുറച്ചു സമയം ചെലവഴിക്കാൻ ശ്രമിക്കുക. പെസഹായ്ക്കൊരുക്കമായി അനുരഞ്ജനകൂദാശ സ്വീകരിക്കുന്ന ദിവസങ്ങളാണല്ലോ ഇവ. ബുധനാഴ്ച വൈകുന്നേരം റംശായോടുചേർന്ന് അനുരഞ്ജനകൂദാശയ്ക്കെന്നതുപോലെ ഒരു ആത്മീയ ഒരുക്കപ്രാർത്ഥന നടത്തുന്നത് ഉചിതമായിരിക്കും. ഓരോരുത്തരും നല്ലൊരു ആത്മശോധന നടത്തി സ്വന്തം കുറ്റങ്ങളും കുറവുകളും കണ്ടെത്തി അവ തിരുത്തുവാനുള്ള തീരുമാനമെടുക്കുക. കുടുംബാംഗങ്ങളെല്ലാവരും പരസ്പരസ്നേഹത്തിൽ ഐക്യപ്പെട്ടിരിക്കുന്നു എന്നുറപ്പാക്കുക. 51-ാം സങ്കീർത്തനം (''ദൈവമേ, എന്നോടു

കരുണ തോന്നണമേ ...'') ഭക്തിപൂർവ്വം ആലപിക്കുക. പരിശുദ്ധ കുർബ്ബാനയിലെ ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പുള്ള അനുരഞ്ജന പ്രാർത്ഥനകൾ (''നമ്മുടെ രക്ഷകന്റെ ...'' എന്ന പ്രാർത്ഥനയും തുടർന്നുള്ള അനുരഞ്ജന കാറോസൂസായും) ചൊല്ലി പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച്, സാധിക്കുന്ന ഏറ്റവും അടുത്ത അവസരത്തിൽ കുമ്പസാരിക്കുമെന്ന് തീരുമാനമെടുത്ത് മനഃസ്താപപ്രകരണം ചൊല്ലി, സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയോടെ സമാപിപ്പിക്കുക.

വീടും പരിസരവുമൊക്കെ വൃത്തിയാക്കി, തുടർന്നുവരുന്ന പെസഹായുടെ ത്രിദിനാചരണത്തിനായി ബാഹ്യമായി ഒരുങ്ങാനും ഈ ദിവസം സമയം കണ്ടെത്തുക.

**പെസഹാവ്യാഴം**

കുടുംബാംഗങ്ങൾ ഒന്നുചേർന്ന് രാവിലെ സപ്രാനമസ്കാരം ചൊല്ലുക. തുടർന്ന് കുറച്ചുസമയം വേദപുസ്തകവായന നടത്തുക. യോഹന്നാന്റെ സുവിശേഷം 14 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങൾ വായിക്കുന്നത് ഉചിതമായിരിക്കും.

കുരിശപ്പവും (ഒരെണ്ണം മാത്രം) ഇറിയപ്പവും (ആവശ്യത്തിന്) പാലും ഉണ്ടാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ (പാത്രങ്ങൾ സജ്ജീകരിക്കുക തുടങ്ങിയവ) ഉച്ചയ്ക്കു മുമ്പ് നടത്തുക. കുരിശപ്പത്തിന് കഴിഞ്ഞവർഷത്തെ കുരുത്തോല സൂക്ഷിച്ചിട്ടുള്ളവർക്ക് അത് ഉപയോഗിക്കാം. സാധാരണ പുത്തൻകലത്തിലാണ് പാൽ കാച്ചുന്നത്.

മദ്ധ്യാഹ്ന പ്രാർത്ഥനയായ 'എന്താനാ' യോടുകൂടി വലിയനോമ്പാചരണം അവസാനിക്കുകയാണ്. തുടർന്ന് പെസഹാഭക്ഷണം തയ്യാറാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാം. ഈ ദിവസം എല്ലാക്കാര്യങ്ങളും കുടുംബാംഗങ്ങളെല്ലാവരും സഹകരിച്ച് കൂട്ടായ്മയോടെ ചെയ്യാൻ ശ്രദ്ധിക്കണം. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ കളികളും വിനോദങ്ങളും ഒഴിവാക്കുക. വലിയ ഒച്ചപ്പാടുണ്ടാക്കാതെ നിശ്ശബ്ദത പാലിക്കാനും ശ്രദ്ധിക്കുക. ഈ ദിവസങ്ങളുടെ ചൈതന്യത്തിനുചേരാത്ത ടി. വി. പരിപാടികൾ വേണ്ടെന്നുവയ്ക്കുക.

ഇന്ന് സായാഹ്നശുശ്രൂഷയോടെയാണല്ലോ പെസഹായുടെ ത്രിദിന കർമ്മങ്ങൾ ആരംഭിക്കുന്നത്. ഈശോയുടെ അന്ത്യത്താഴം, അത്താഴത്തിനിടെ ഈശോ പരിശുദ്ധ കുർബാന സ്ഥാപിച്ചത്, അതു തുടരാൻ ശിഷ്യന്മാർക്ക് ഈശോ കല്പനയും അധികാരവും നൽകിക്കൊണ്ട് പൗരോഹിത്യം സ്ഥാപിച്ചത് എന്നിവയാണ് ഈ ദിവസം പ്രത്യേകം അനുസ്മരിക്കേണ്ടതണ്ട്. പെസഹാവ്യാഴാഴ്ച നമുക്കു പരിശുദ്ധ കുർബ്ബാനയുടെ തിരുനാളാണ്. അപ്പവും വീഞ്ഞും ഈശോ ശിഷ്യരുമായി പങ്കുവച്ചതിൽ

ഉടനെ സംഭവിക്കാൻ പോകുന്ന തന്റെ പീഡാസഹനവും മരണവും സൂചിപ്പിക്കപ്പെടുന്നു. പരിശുദ്ധ കുർബാനയുടെയും പൗരോഹിത്യത്തിന്റെയും പേരിൽ ദൈവത്തിന് നന്ദി പറയാനും പൗരോഹിത്യത്തെ ആദരിക്കുവാനും പുരോഹിതർക്കുവേണ്ടിയും നല്ല ദൈവവിളികൾക്കുവേണ്ടിയും പ്രാർത്ഥിക്കാനും പ്രത്യേകം ശ്രദ്ധിക്കാം.

സായാഹ്നപ്രാർത്ഥനയ്ക്കുശേഷം അപ്പവും പാലും തയ്യാറാക്കി നിശ്ചിത പ്രാർത്ഥനയോടെ, പെസഹാഭക്ഷണക്രമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് കുടുംബനാഥന്റെ നേതൃത്വത്തിൽ പ്രാർത്ഥനാരൂപിയോടെ ഭക്ഷിക്കുക.

പെസഹാഭക്ഷണത്തിനുശേഷം ജോലികളെല്ലാം വേഗംചെയ്തുതീർത്ത് ഈശോയുടെ ഗദ്സമനിയിലെ പ്രാർത്ഥനയെ അനുസ്മരിച്ചുകൊ് ഒരു മണിക്കൂറെങ്കിലും കുടുംബാംഗങ്ങൾ പ്രാർത്ഥനയിൽ ചെലവഴിക്കണം. ഈശോ ഒറ്റിക്കൊടുക്കപ്പെട്ടതിന്റെയും പിടിക്കപ്പെട്ടതിന്റെയും ഗദ്സേമനിയിലെ പ്രാർത്ഥനയുടെയും വിവരങ്ങൾ വേദപുസ്തകത്തിൽനിന്നു വായിച്ചും പ്രാർത്ഥനാനിരതരായിരിക്കുക.

### പീഡാനുഭവവെള്ളി

ഇന്ന് ഉപവാസദിനമാണ്. സമ്പൂർണ്ണ നിശബ്ദതപാലിക്കാൻ ശ്രദ്ധിക്കുക. നമുക്കു വേണ്ടിയുള്ള ഈശോയുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും വേദപുസ്തക വിവരണങ്ങൾ വായിച്ചു ധ്യാനിച്ചും സ്ലീവാപ്പാത നടത്തിയും ഈ ദിവസം ഭക്തിനിർഭരമായി ആചരിക്കാം. പാനവായന നടത്തുന്നത് നന്നായിരിക്കും. സ്ലീവാപ്പാതയുടെ സമാപനത്തിൽ സ്ലീവാചുംബനം നടത്താം. കയ്പുനീരും ക്രമീകരിക്കാവുന്നതാണ്. കുരിശുവഹിച്ചു ഗാഗുൽത്തായിൽ എത്തിയ ഈശോ 12 മണിയോടെ കുരിശിൽ തറയ്ക്കപ്പെടുകയും 3 മണിയോടെ മരിക്കുകയും ചെയ്തു. തുടർന്നു സന്ധ്യക്ക് മുൻപായി സംസ്കാരം. ഈ സമയങ്ങളോടുചേർന്നു വരത്തക്കവിധമാണ് നമ്മുടെ കർമ്മങ്ങളും ക്രമീകരിച്ചിരിക്കുന്നത്.

### വലിയ ശനി

സംസ്കരിക്കപ്പെട്ട ഈശോ കല്ലറയിൽ ഭൂമിക്കടിയിൽ ആയിരുന്നതിനെ അനുസ്മരിക്കുന്നു. സഭാപാരമ്പര്യത്തിൽ പുതിയ അംഗങ്ങൾ മാമ്മോദീസ സ്വീകരിച്ചിരുന്നത് വലിയ ശനിയാഴ്ചയാണ്. നമ്മുടെ മാമ്മോദീസ എന്ന പുനർജന്മത്തെക്കുറിച്ച് ഓർക്കാനും വിശ്വാസമെന്ന വലിയ ദാനത്തിനു നന്ദി പറയാനും ഈ ദിവസം ഉപയോഗിക്കാം. കുടുംബാംഗങ്ങൾ ഒന്നുചേർന്നു വിശ്വാസപ്രമാണം ഉറക്കെ ചൊല്ലി വിശ്വാസപ്രഖ്യാപനം നടത്തുന്നത് ഉചിത

മാണ്. ശനിയാഴ്ചത്തെ ശുശ്രൂഷകൾ ഉയിർപ്പാചരണത്തിനുള്ള ഒരുക്കമാണ്. രാത്രിയിൽ ജാഗരണ പ്രാർത്ഥനനടത്തി ഉയിർപ്പിന്റെ കർമ്മങ്ങളിലേക്കു പ്രവേശിക്കുന്നു.

**ഉയിർപ്പുതിരുനാൾ**

അതിരാവിലെയാണ് ഉയിർപ്പുതിരുനാൾ കർമ്മങ്ങൾ ആരംഭിക്കുന്നത്. സപ്രാ നമസ്കാരം ചൊല്ലി, ഉയിർപ്പിനെക്കുറിച്ചുള്ള വേദപുസ്തക വിവരണങ്ങൾ വായിച്ചു പ്രാർത്ഥിക്കാം. ഈശോയുടെ ഉയിർപ്പിന്റെ വിജയത്തിൽ ആത്മീയ ആനന്ദം നുകരാം. ഉയിർപ്പു പുതുജീവന്റെ സന്ദേശം നൽകുന്നു. അതു സൂചിപ്പിക്കാൻ ഈസ്റ്റർമുട്ട തയ്യാറാക്കി കുടുംബനാഥൻ കുടുംബാംഗങ്ങൾക്കു നൽകുന്നത് ഉചിതമായിരിക്കും. ഇരുളിനെ അകറ്റി വെളിച്ചമായി പ്രകാശിക്കുന്ന ഈശോയെ സൂചിപ്പിക്കുന്നതിന് ഒരു തിരി അലങ്കരിച്ചു കത്തിക്കുകയും അതിൽനിന്നു എല്ലാ കുടുംബാംഗങ്ങളും ചെറിയ തിരികൾ കത്തിച്ചു ഈശോ ആകുന്ന പ്രകാശത്തിൽ പങ്കു പറ്റുകയും ചെയ്യുന്നത് നന്നായിരിക്കും.

ഈ വർഷത്തെ പെസഹാചരണം കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും നവീകരണത്തിനും ഇടയാക്കട്ടെ.

നിങ്ങളെല്ലാവരേയും കർത്താവായ ഈശോ അനുഗ്രഹിച്ചാശീർവ്വദിക്കട്ടെ.

സ്നേഹപൂർവ്വം,

**ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

സർക്കുലർ

**20 Ch. 237-314**

2020 ഏപ്രിൽ 26

# തരിശുഭൂമിയിലെ കൃഷി

ഈശോയിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കോവിഡ്-19 വൈറസ് വ്യാപനം നമ്മുടെ നാട്ടിൽ നിയന്ത്രണവിധേയമാക്കുവാൻ നാമേവരും ജാഗ്രതയോടെ പ്രവർത്തിക്കുകയായിരുന്നല്ലോ. ഇതിനുവേണ്ടി സമർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന അധികാരികളെയും ആരോഗ്യപ്രവർത്തകരേയും ക്രമസമാധാന പ്രവർത്തകരേയും സന്നദ്ധപ്രവർത്തകരേയും നന്ദിയോടെ അനുസ്മരിക്കാം. തുടർന്നും ജാഗ്രതയോടെ വർത്തിക്കുവാൻ ഏവർക്കും കഴിയട്ടെ.

കൊറോണ വൈറസ് വ്യാപനം കാർഷിക, വ്യാവസായിക, സാമ്പത്തിക മേഖലകളെയൊക്കെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന തിനാൽ തുടർനാളുകളിലേക്ക് ആവശ്യമായ മുൻകരുതലുകളെടുക്കുവാനും നാം ശ്രദ്ധിക്കണം. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഭക്ഷ്യവസ്തുക്കളുടേയും അവശ്യസാധനങ്ങളുടേയും കുറവ് സൃഷ്ടിക്കാതിരിക്കുവാൻ കാർഷികമേഖലയിൽ അടിയന്തിര ശ്രദ്ധ നൽ കേണ്ടിയിരിക്കുന്നു. കൃഷിയിറക്കാതെ തരിശുഭൂമിയായി കിടക്കുന്ന നമ്മുടെ ഇടവകകളുടേയും സ്ഥാപനങ്ങളുടേയും കുടുംബങ്ങളുടേയും പുരയിടങ്ങളും നിലങ്ങളും പാടങ്ങളും ഉടൻതന്നെ കൃഷിയോഗ്യമാക്കുന്നതിനും

കൃഷി ചെയ്യുന്നതിനും  നാം പരിശ്രമിക്കണം. ഇക്കാര്യത്തിനായി വിവിധ സംഘടനകളുടെയോ സ്വാശ്രയസംഘങ്ങളുടെയോ സന്നദ്ധപ്രവർത്തകരുടെയോ വ്യക്തികളുടെയോ കൂട്ടായ്മകൾ രൂപീകരിച്ച് സാദ്ധ്യമായ ഇടങ്ങളിലെല്ലാം കൃഷിചെയ്താൽ ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കും. അത് നമ്മുടെ സമൂഹത്തോടുള്ള കരുതലിന്റെയും  പ്രകൃതിയോടും പ്രകൃതിനാഥനായ കർത്താവിനോടുമുള്ള  സ്നേഹത്തിന്റെയും  പ്രതിഫലനമായിരിക്കും. ഉത്ഥിതനീശോ നൽകുന്ന സമാധാനം നിങ്ങൾക്കേവർക്കുമുണ്ടായിരിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

സർക്കുലർ

**20 Ch. 238-315**

2020 ഏപ്രിൽ 28

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 95- ാം ചരമവാർഷികവും ദൈവദാസി ഷന്താളമ്മയുടെ 48-ാം മരണവാർഷികവും



പ്രിയ ബഹു . വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ആഘോഷങ്ങളുംആചരണങ്ങളുമെല്ലാം കൊറോണ വ്യാപനത്തിന്റെ ഭീതിയിൽ ആഗോളതലത്തിൽ ത്തന്നെ പരിമിതപ്പെടുമ്പോൾ, ഇത്തരം സാഹചര്യങ്ങളെ പൂർവ്വികർ അതിജീവിച്ചതെങ്ങനെ എന്നറിയുവാനും ആന്തരികതയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് അനുസ്മരണാദിനങ്ങൾ അനുഭവവേദ്യമാക്കുമാവാനും ഇക്കാലഘട്ടത്തിൽ നമുക്ക് ഏറെ അവസരങ്ങൾ ലഭിച്ചു. കുറച്ചുനാൾകൂടിയെങ്കിലും ഈ സാഹചര്യം തുടരേണ്ടിവരുമെന്നതിനാൽ, May - 25 , June - 2 ദിവസങ്ങളിൽ നമ്മൾ പ്രത്യേകമായി അനുസ്മരിക്കുന്ന ദൈവദാസി ഷന്താളമ്മയുടെയും ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിൻറെയും ദിനാചരണങ്ങൾ അതതു ദിവസങ്ങളിൽ അതിരമ്പുഴയിലും ചങ്ങനാശ്ശേരി കത്തീഡ്രൽപള്ളിയിലുമായി പരിമിതപ്പെടുത്തുകയാണ്.

സീറോമലബാർ സഭയുടെ വളർച്ചാഘട്ടത്തിൽ ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് ആഴമായ വിശ്വാസത്തിലധിഷ്ഠിതമായ അജപാലന ശുശ്രൂഷയ്ക്ക് അടിത്തറപാകിയ നല്ല ഇടയൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ് നമ്മോടു വിടപറഞ്ഞിട്ടു 95 വർഷങ്ങൾ പൂർത്തിയാകുന്നു. കേരള ക്രൈസ്തവർ ഭക്ത്യാദരപൂർവ്വം 'ദിവ്യകാരുണ്യപ്രേഷിതൻ'എന്നനുസ്മരിക്കുന്ന വന്ദ്യപിതാവ്, ദാനമായി ലഭിച്ച വിശ്വാസവും ദൈവസ്നേഹവും വർദ്ധിപ്പിച്ചു പങ്കുവയ്ക്കേണ്ടതെങ്ങനെയെന്ന് സ്വജീവിതത്തിൽ അഭ്യസിക്കുകയും അതിന്റെ പ്രാധാന്യം ദൈവജനത്തിന് മനസിലാക്കികൊടുക്കുന്നതിന് ജാഗ്രത പുലർത്തുകയും ചെയ്തു. 'സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്' എന്ന് ആധികാരികമായി പഠിപ്പിച്ചത് 2-ാം വത്തിക്കാൻ കൗൺസിൽ ഡിക്രിയിലൂടെയാണെങ്കിൽ അതിന് എത്രയോ വർഷങ്ങൾക്കു മുൻപുതന്നെ, പ്രേഷിതപ്രവർത്തനം എല്ലാ ക്രൈസ്തവരും മാമ്മോദീസയിലൂടെ ഏറ്റെടുക്കുന്ന ധർമ്മമാണെന്നും, മിശിഹായുമായുള്ള വ്യക്തിബന്ധം, പ്രാർത്ഥന, പരിത്യാഗം, പരസ്നേഹപ്രവർത്തികൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ എല്ലാവർക്കും സാധിക്കുമെന്നും പിതാവ് വ്യക്തമായി പഠിപ്പിച്ചു. 'നമുക്കുവേണ്ടി മാത്രമല്ല അന്യന്മാർക്കുവേണ്ടിക്കൂടെയും നമ്മുക്ക് വിശ്വാസത്തിന്റെ പ്രകാശം തരപ്പെട്ടിരിക്കുന്നു എന്നു നാം നല്ലവണ്ണം ഓർക്കണം' എന്ന് 27-ാംനമ്പർ ഇടയലേഖനത്തിലൂടെ ഉദ്ബോധിപ്പിച്ച പിതാവിന്റെ പ്രേഷിതതീക്ഷ്ണത നമ്മെ എല്ലാവരെയും പ്രചോദിപ്പിക്കുന്നതുതന്നെ. നിരന്തരമായ ദൈവാരാധനയിലൂടെയും ജനോപകാരപ്രദമായ പ്രേഷിതവേലകളിലൂടെയും ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷക്കും വേണ്ടി എന്നും അധ്വാനിക്കുവാൻ വി.കുർബ്ബാനയുടെ ആരാധനാസന്യാസിനീ സമൂഹത്തിനു രൂപം കൊടുത്ത പിതാവിന്റെ മറ്റൊരു സ്വപ്നമായിരുന്നു വൈദികരുടെ ഒരു പ്രേഷിതസമൂഹം സ്ഥാപിക്കുകയെന്നത്. സ്വർഗ്ഗത്തിലായിരുന്നുകൊണ്ട് MCBS സമൂഹത്തിലൂടെ സാക്ഷാത്കരിക്കപ്പെടുന്ന ദൈവനിയോഗം കണ്ട് അദ്ദേഹം ആനന്ദിക്കുന്നുണ്ടാവും.

ചെറുപ്പം മുതൽ ഉത്തമ ക്രൈസ്തവ ജീവിതമാതൃക കണ്ടുപഠിക്കുവാൻ അവസരം ലഭിക്കുകയും ലൗകീകനേട്ടങ്ങൾക്കുവേണ്ടി അധ്വാനിക്കുന്നതിനേക്കാൾ ആത്മീയാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്ത പിതാവ് റോമിൽ വൈദിക വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ, തിരിച്ചു നാട്ടിലെത്തി തന്റെ ദേശത്തിന്റെ സാംസ്കാരികവും ആധ്യാത്മികവുമായ ഉന്നമനത്തിനായി ചെയ്യേണ്ട കാര്യങ്ങൾ ശ്രദ്ധിക്കുകയും അവ ഡയറിയിൽ രേഖപ്പെടുത്തി, ഓരോന്നും

പൂർത്തിയാക്കുവാൻ വി. കുർബ്ബാനയിൽ നിന്നും ശക്തി സംഭരിച്ചുകൊണ്ട് പരിശ്രമിക്കുകയും ചെയ്തു. വികാരിയായിരുന്ന ദൈവാലയങ്ങളിലെല്ലാം വിശ്വാസികളുടെ ഭക്തജീവിതത്തെ പരിപോഷിപ്പിക്കുവാൻ ഉതകുന്ന കൂട്ടായ്മകളും, സഖ്യങ്ങളും രൂപീകരിക്കുവാനും വി. കുർബ്ബാനയോടുള്ള ഭക്തിയും പരിശുദ്ധ അമ്മയോടുള്ള സ്നേഹവും വിശുദ്ധരോടുള്ള ആദരവും വളർത്തിയെടുക്കുവാനും അദ്ദേഹത്തിനു സാധിച്ചു.

നല്ല വിദ്യാഭ്യാസത്തിലൂടെ മാത്രമേ, അജ്ഞതയും അന്ധവിശ്വാസവും ഉന്മൂലനം ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന് തിരിച്ചറിഞ്ഞ പിതാവ് പ്രായോഗികപരിമിതികളെയും പ്രശ്നങ്ങളെയും അതിജീവിച്ചു അടിസ്ഥാന വിദ്യാഭ്യാസം മുതൽ ഉന്നതവിദ്യാഭ്യാസംവരെയും രൂപതയുടെ നേതൃത്വത്തിൽ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സ്ത്രീവിദ്യാഭ്യാസവും വനിതാസമുദ്ധാരണവുമെല്ലാം വൈദികജീവിതത്തിന്റെ ആരംഭം മുതൽ കർമ്മമണ്ഡലത്തിന്റെ നിയോഗങ്ങളായി സ്വീകരിച്ചു. വ്യക്തിജീവിതത്തിൽ ശാന്തതയും വിനയവും മുഖമുദ്രയായി സ്വീകരിച്ച തോമാച്ചൻ എല്ലാ രംഗത്തും സഹോദരസൗഹൃദവും സഹകരണവും നേടുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. കുട്ടികളുടെ നല്ലവളർത്തലിൽ മാതാപിതാക്കൾക്കുണ്ടായിരിക്കേണ്ട ഗൗരവമേറിയ ഉത്തരവാദിത്വത്തെപ്പറ്റി അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'നിങ്ങൾ ദൈവത്തിനും സ്വർഗ്ഗത്തിനും വേണ്ടി നിങ്ങളുടെ കുട്ടികളെ വളർത്തുന്നില്ലെങ്കിൽ പിശാചിനും നരകത്തിനും വേണ്ടി അവരെ വളർത്തുന്നു. ഇങ്ങനെ ചെയ്യുന്നവർ ദൈവത്തിൻ പക്കൽ എത്ര കഠിനമായ കണക്ക് ഏല്പിക്കേണ്ടിവരും!'(PL.28)

ദൈവത്തിന്റെ അനന്തപരിപാലനയിൽ 'മിശിഹായിൽ എല്ലാം നവീകരിക്കുക' എന്ന ആദർശവാക്യവുമായി രൂപതാഭരണം ഏറ്റെടുത്ത നാൾ മുതൽ രൂപതയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികസനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതനായ അദ്ദേഹത്തിന്റെ ശ്രദ്ധ, ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങൾ മുതൽ നാം കടന്നു ചെന്നിട്ടില്ലാത്ത മിഷൻ മേഖലവരെയും എത്തിപ്പെട്ടു. ക്രൈസ്തവരും അക്രൈസ്തവരുമെല്ലാം അദ്ദേഹത്തിന് സ്വന്തം. ജാതിവ്യവസ്ഥ കൊടികുത്തിവാണിരുന്ന കാലത്തും ദളിതരും ദരിദ്രരുമെല്ലാം അദ്ദേഹത്തിന്റെ പരിഗണനയ്ക്ക് പാത്രമായി.

ഒരു സാമൂഹിക പരിഷ്കർത്താവെന്നനിലയിൽ തിന്മകൾക്കെതിരേ പ്രതികരിക്കാനും തൂലിക ചലിപ്പിക്കാനും പിതാവിന് ഒട്ടുമേ ഭയമുണ്ടാ

യിരുന്നില്ല. എന്നുമാത്രമല്ല, ഭവിഷ്യത്തുകൾ മുൻകൂട്ടിക്കണ്ടു കൊണ്ട് തീരുമാനമെടുക്കുവാനും നടപടികൾ സ്വീകരിക്കുവാനും സദാ ശ്രദ്ധാലുവുമായിരുന്നു. സഭാകൂട്ടായ്മയിൽ നിന്ന് അകന്നുമാറിയവരെ തിരികെയെത്തിക്കുവാനും ക്രൈസ്തവമൂല്യങ്ങളും സഭാപാരമ്പര്യങ്ങളും ജനങ്ങൾക്ക് മനസിലാകുംവിധം അവസരോചിതം വ്യാഖ്യാനിച്ചുകൊടുക്കുവാനും, സർവ്വോപരി കർത്താവിന്റെ ഇടയൻ എന്നനിലയിൽ വി. കുർബ്ബാനയോടു ചേർന്നുനിന്നു അജഗണങ്ങൾക്കു സംരക്ഷണമുറപ്പുവരുത്തുവാനും ശ്രദ്ധിച്ചിരുന്ന കുര്യാളശ്ശേരി പിതാവിന്റെ പഠനങ്ങളെ നമുക്കും ചിന്താവിഷയമാക്കാം.

COVID-19 നമ്മെയെല്ലാവരെയും ഒരു പ്രത്യേക ജീവിതസാഹചര്യത്തിലൂടെ കടന്നുപോകുവാൻ നിർബന്ധിക്കുമ്പോൾ, കുര്യാളശ്ശേരിപ്പിതാവ് എടത്വ വികാരിയായിരിക്കുമ്പോൾ നാട്ടിൽ പടർന്നുപിടിച്ച 'കോളറ'യുടെ ഓർമ്മ ചിലരുടെയെങ്കിലും മനസ്സിലുണർന്നിട്ടുണ്ടാകും. ആരും വീടുകളിൽനിന്ന് പുറത്തിറങ്ങാൻ ധൈര്യപ്പെടാതെ, ഒന്നിനു പിറകെ ഒന്നായി അനേകർ മരണത്തിനു വിധേയരായപ്പോൾ വീടുവീടാന്തരം കയറിയിറങ്ങി രോഗീലേപനം നൽകുകയും അവരെ ആശ്വസിപ്പിക്കുകയും സംസ്കാരശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കുകയും ചെയ്ത യുവവൈദികൻ ഒരു നാടിന്റെ ആശ്വാസദീപമായിരുന്നു. അവസാനം എടത്വാ പുണ്യാളനായ വി. ഗീവർഗ്ഗീസിന്റെ തിരുസ്വരൂപം എഴുന്നള്ളിച്ചുകൊണ്ടു നടത്തിയ നഗരപ്രദക്ഷിണവും അതേത്തുടർന്നുണ്ടായ രോഗശമനവുമെല്ലാം കേരള ചരിത്രത്താളുകളിലെ വിശ്വാസമാതൃകകളാണ്. COVID-19 മഹാമാരിയുമായി ബന്ധപ്പെട്ട എല്ലാ ദുരിതങ്ങളിൽ നിന്നും നാടിനെ രക്ഷിക്കാൻ ധന്യൻ കുര്യാളശ്ശേരി പിതാവിന്റെ മദ്ധ്യസ്ഥതയിൽ അദ്ദേഹത്തിന്റെ ഓർമദിനമായ June - 2 ന് നമ്മുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം. എല്ലാ വർഷവും നടത്താറുള്ള സപ്തദിന ശുശ്രൂഷകളും ശ്രാദ്ധവും ഈ വർഷം ഉണ്ടായിരിക്കുന്നതല്ലായെന്നും അറിയിക്കുന്നു.

കുര്യാളശ്ശേരിപ്പിതാവിൽ കർത്താവുചൊരിഞ്ഞ, പ്രത്യേക സിദ്ധി തിരിച്ചറിഞ്ഞ്, പിതാവിനാൽ ആത്മീയമായി നയിക്കപ്പെട്ട് വൈവിധ്യമാർന്ന ജീവിതസരണികളിലൂടെ വിശുദ്ധിയുടെ സോപാനം നടന്നുകയറി ചങ്ങനാശ്ശേരി അതിരൂപതയുടെ സ്വന്തം ദൈവദാസി ആയിത്തീർന്ന ചമ്പക്കുളം വല്ലയിൽ കുടുംബാംഗം ഷന്താളമ്മയുടെ 48-ാം ചരമവാർഷികം

May-25-ന് അമ്മയുടെ കബറിടം സ്ഥിതിചെയ്യുന്ന അതിരമ്പുഴയിൽ ആചരിക്കപ്പെടുകയാണ്. പ.ത്രിത്വത്തോട് വ്യക്തിപരമായ അടുപ്പം പുലർത്തി കുർബ്ബാനയിലെ ഈശോയെ നിരന്തരം ആരാധിച്ചു ദിവ്യ കാരുണ്യസ്നേഹത്താൽ ഉജ്ജ്വലിച്ച ഒരു ഹൃദയത്തിനുട മയായ അമ്മ ഒരേ സമയം ധീരതയോടെ നാടിന്റെ നന്മയ്ക്കു വേണ്ടി പ്രവർത്തനങ്ങളിലേർപ്പെടുകയും സാധുജനസേവനത്തിൽ തനതായ ശൈലി പിന്തുടരുകയും ചെയ്തു. സ്വർഗ്ഗത്തിലായിരുന്നുകൊണ്ട് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അമ്മയുടെ ജീവിതം നമ്മുക്കും മാതൃകയാക്കാം.

ധന്യൻ കര്യാളശ്ശേരിപ്പിതാവും ദൈവദാസി ഷാന്താളമ്മയും അൾത്താരയിൽ വണങ്ങപ്പെടുന്ന സുദിനം എത്രയും വേഗം സമാഗതമാകുന്നതിനുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കുകയും അവ രുടെ സുകൃതങ്ങൾ സ്വായത്തമാക്കുവാൻ ശ്രമിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

## സർക്കുലർ

**20 Ch. 239-316**

2020 ഏപ്രിൽ 30

# മെയ് 15 : വിത്തുകളുടെയും വിളവിന്റെയും സംരക്ഷണത്തിനു മരിയസ്മരണ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

പരിശുദ്ധ കന്യകാമറിയത്തെ അനുസ്മരിച്ചു വണങ്ങുന്ന വിവിധ തിരുനാളുകൾ പൗരസ്ത്യ, പാശ്ചാത്യ സഭാപാരമ്പര്യങ്ങളിലുണ്ട്. പൗരസ്ത്യസുറിയാനി സഭയിലെ യാമപ്രാർത്ഥനകളിൽ കൃഷിയുടെ സംരക്ഷണത്തിനായി മറിയത്തെ അനുസ്മരിക്കുന്ന ദിവസമാണ് മെയ് 15. '**വിത്തുകളുടെയും കൊയ്ത്തിന്റെയും സംരക്ഷണത്തിനായി മറിയത്തിന്റെ ഓർമ്മ**' എന്നാണതിന്റെ പേര്. അന്ത്യോക്യൻ സുറിയാനി സഭാപാരമ്പര്യത്തിൽ 'കതിരുകളെപ്രതിയുള്ള ദൈവമാതാവ്' എന്നാണ് അതിനു പേരു നൽകിയിരിക്കുന്നത്. ഏതായാലും കൃഷിയും വിളവെടുപ്പുമായി ബന്ധപ്പെട്ട ഒരു മരിയസ്മരണയാണിത്. ദൈവം സൃഷ്ടിച്ച 'പറുദീസ' എന്ന തോട്ടത്തിൽ ജോലിചെയ്യാനും തോട്ടം സൂക്ഷിക്കാനുമാണല്ലോ ആദിയിൽ ദൈവം ആദത്തെ നിയോഗിച്ചത് (ഉല്പ. 2:15). ഈ ദൈവനിയോഗം വിശ്വസ്തതയോടെ നിറവേറ്റുക എന്നതാണ് മനുഷ്യന്റെ പ്രാഥമികദൗത്യം. നമ്മുടെ നാട്ടിൽ പൊതുവെ വിത്തിടുന്ന അഥവാ കൃഷിയിറക്കുന്ന സമയമാണു മെയ്

മാസം. അതോടൊപ്പം കുറച്ചൊക്കെ വിളവെടുപ്പിന്റെയും കാലമാണിത്. കൃഷിയെ സംബന്ധിച്ചിടത്തോളം വിത്തിടുന്നതും വിളവെടുക്കുന്നതും ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഇവ രണ്ടും ഭദ്രമാണെങ്കിൽ കൃഷി വിജയിച്ചെന്നു പറയാം. പ്രതികൂല കാലാവസ്ഥയും പ്രകൃതിക്ഷോഭങ്ങളും കീടങ്ങളുടെ ആക്രമണങ്ങളും രോഗബാധയുമൊക്കെ ഈ രണ്ടു ഘട്ടങ്ങളിലും കൃഷിക്ക് നാശനഷ്ടങ്ങൾ വരുത്തുന്നത് അപൂർവ്വമല്ലല്ലോ. മനുഷ്യന്റെ ശക്തിക്കും നിയന്ത്രണങ്ങൾക്കും അതീതമായി പലപ്പോഴും കെടുതികൾ സംഭവിക്കാറുണ്ട്.

ഇപ്രകാരമുള്ള സാഹചര്യത്തിൽ ദൈവനിയോഗമായി നമ്മൾ ചെയ്യുന്ന കൃഷിക്കു സംരക്ഷണം ലഭിക്കാൻ ദൈവത്തിന്റെ കൃപയ്ക്കായി ദൈവത്തിലേക്കു തിരിയുവാനും നമ്മൾ ശ്രദ്ധിക്കണം. അതു നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു തിരുനാളാചരണമാണു മെയ് 15-ലേത്. വിത്തുകളുടെയും വിളവിന്റെയും സംരക്ഷണത്തിനു പരി. മറിയത്തിന്റെ മദ്ധ്യസ്ഥത നമ്മൾ തേടുകയാണ്. മനുഷ്യവർഗ്ഗത്തിനുവേണ്ടി ഏറ്റവും സമൃദ്ധമായ ഫലം ഉളവാക്കിയ വൃക്ഷമാണു മറിയം. നിത്യജീവന്റെ അപ്പമായ മിശിഹായാണ് ആ ഫലം. മറിയത്തിന്റെ ഉദരത്തിൽ നിക്ഷേപിക്കപ്പെട്ട ദൈവവചനമായ വിത്തിനെ സംരക്ഷിച്ച്, വളർത്തി 100 മേനി ഫലം ഉളവാക്കാൻ ദൈവകൃപ നിറഞ്ഞ മറിയത്തിനു സാധിച്ചു. അതിനാൽ നമ്മുടെ കൃഷികളെ സംരക്ഷിക്കാൻ മറിയത്തിന്റെ മദ്ധ്യസ്ഥത നമുക്ക് ഏറ്റവും ശക്തിയേറിയ ആയുധമായിരിക്കും.

ഭൂമിയെ ദൈവം എത്രമാത്രം സ്നേഹിച്ചു പരിപാലിക്കുന്നുവെന്നും, മനുഷ്യർക്കും സർവ്വ ജീവജാലങ്ങൾക്കും ജീവിക്കുന്നതിനാവശ്യമായ വിഭവങ്ങൾ ഉല്പാദിപ്പിക്കാൻ ഭൂമിയെ ഒരുക്കുന്നുവെന്നും സങ്കീർത്തനങ്ങൾ പ്രഘോഷിക്കുന്നു:

മഹിയിൽ നീ ഭൂമിയെ സ്മരിക്കുന്നു; അതിനു
പൂർണ്ണതയേകുന്നു; സുഭിക്ഷതയാൽ സമ്പന്നമാക്കുന്നു.
വലിയ നീർച്ചാലുകൾ ജലംകൊണ്ടു നിറയ്ക്കുന്നു;
നീ ഭൂമിയെ ഒരുക്കുന്നു; മനുഷ്യർക്കു ധാന്യം നൽകുന്നു.
വിളവു വർദ്ധിപ്പിക്കുവാൻവേണ്ടി നീ ഭൂമിയിലെ
ഉഴവുചാലുകൾ നനയ്ക്കുന്നു.
മഴ വർഷിച്ചു മുളകളെ വളർത്തുന്നു.
അവയെ പുഷ്ടിപ്പെടുത്തുന്നു.
സംവത്സരം മുഴുവനെയും നീ കൃപാപൂർവ്വം അനുഗ്രഹിക്കുന്നു.

നിന്റെ കാളക്കിടാങ്ങൾ പച്ചപ്പുല്ലു തിന്നു തൃപ്തരാകുന്നു;
വനത്തിലെ പുൽപ്പുറങ്ങളിൽ യഥേഷ്ടം വിഹരിക്കുന്നു. ...
താഴ്‌വരകൾ ധാന്യത്താൽ പൂരിതമായിരിക്കുന്നു.
അവ ആനന്ദത്താൽ ആർത്തുപാടുന്നു (സങ്കീ. 65).


ദൈവത്തിന്റെ അനന്തപരിപാലനയ്ക്കു നന്ദിപറയാനും, ദൈവകല്പ്പനയ്ക്കു വിധേയപ്പെട്ടുകൊണ്ടു സത്യസന്ധതയോടെ അദ്ധ്വാനിക്കാനും, അതിന്റെ ഫലങ്ങൾ നീതിപൂർവ്വം വിനിയോഗിക്കാനും നമ്മൾ ശ്രദ്ധിക്കണം. അലസതയോ അവിവേകമോ അതിമോഹമോ കൃത്യവിലോപമോ മൂലം ഭൂമിയേയും കൃഷിയെയും നമ്മൾ നശിപ്പിക്കുകയോ അശുദ്ധമാക്കുകയോ ചെയ്യരുത്. സമൃദ്ധിയിൽ ധൂർത്തുപുലർത്തുകയും പാവപ്പെട്ടവരെ വിസ്മരിക്കുകയും ചെയ്യരുത്. നാശനഷ്ടങ്ങൾ സംഭവിക്കുമ്പോൾമാത്രം ദൈവത്തെ ആശ്രയിക്കുകയും, സാധാരണ ജീവിതത്തിൽ ദൈവം നിരന്തരം നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെ മറക്കുകയും ചെയ്യുന്ന സ്വാർത്ഥതയ്ക്കു നമ്മൾ അടിമപ്പെടരുത്. ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തിന്റെ ശുശ്രൂഷയാണു നമ്മുടെ ജോലിയും അദ്ധ്വാനവും എന്നു മനസ്സിലാക്കി പ്രവർത്തിക്കുകയും, സമ്പാദ്യങ്ങൾ ശരിയായി വിനയോഗിച്ചു നീതിപൂർവ്വം പങ്കുവയ്ക്കുകയും ചെയ്യുമ്പോൾ നമ്മുടെ അദ്ധ്വാനം ദൈവത്തിനു പ്രീതികരമായ ഒരു ബലിയർപ്പണമായിരിക്കും.

ഇപ്രകാരം നമ്മുടെ തൊഴിലിനെയും കൃഷിയിടങ്ങളെയും നമ്മുക്കു വിശുദ്ധീകരിക്കാം. സാഹോദര്യത്തിലും കൂട്ടായ്മാ മനോഭാവത്തിലും പരസ്പരം സഹകരിക്കാം. പരിശുദ്ധ അമ്മയുടെ പ്രാർത്ഥനാസഹായം തേടാം. ആത്മീയജീവന്റെ അപ്പം നൽകുന്ന ജീവന്റെ വൃക്ഷമായ മിശിഹായെ സംരക്ഷിച്ചു വളർത്തിയ മറിയം, ശാരീരികഭക്ഷണം നൽകുന്ന നമ്മുടെ കൃഷികളെ സംരക്ഷിക്കാൻ തുണയാകട്ടെ. ഇപ്രകാരമുള്ള ആത്മീയചൈതന്യത്തോടും ഉദ്ധ്യേശശുദ്ധിയോടുംകൂടി എല്ലാ വർഷവും മെയ് 15-നു പരിശുദ്ധ അമ്മയെ അനുസ്മരിച്ചു വണങ്ങുകയും ദൈവത്തിനു കൃതജ്ഞത അർപ്പിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത




# അരമനക്കാര്യം

## I

| Rev Frs. | Transferred from | Transferred to |
|---|---|---|
| Anakkallumkal Antony | | Chennamkary L.M. |
| Ethackad Antony | | Director, Internet Mission (add'l.) |
| Kappithottam Philipose | Chennamkary L.M. | Relieved |
| Moonnattinmugham Mathew | Mangalapuzha Seminary | Secretary, Asraya Charitable Trust Amboori (Res. Nedumangadu) |
| Panakezham George | | Asst. Director Chass with special charge of Karshaka Samithi (add'l.) |
| Paracka l Jacob | | Vice Chancellor, Promoter of Justice, Defender of Bond |
| Peediakal Luke | Defender of Bond, Promoter of Justice | Retired |

## II

## 133 –ാമത് അതിരൂപതാ ദിനാചരണം

2020 മെയ് 20 തിങ്കളാഴ്ച കോട്ടയം ഫൊറോനായുടെ നേതൃത്വത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന 133–ാമത് അതിരൂപത ദിനാചരണവും മെയ് 21 ന് നടത്തുവാനിരുന്ന മിഷനറി സംഗമവും മാറ്റിവച്ചിരിക്കുന്നു.

## III

## നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ

2020 മെയ് 21–ാം തീയതി വ്യാഴാഴ്ച ആചരിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ കടമുള്ള ദിനമാണ്. അന്നേ ദിവസം കൂടുതൽ സമയം പ്രാർത്ഥിക്കുവാനായി മാറ്റി വയ്ക്കുന്നത് ഉചിതമാണ്.



# ചാലങ്ങാടി ബഹു. ജോർജ് അച്ചൻ

(1935–2020)

## അനുസ്മരണം

മുഹമ്മ സെന്റ് ജോർജ് ഇടവകയിൽ 1935 നവംബർ 22-ാം തീയതി ചാലങ്ങാടി അബ്രാഹം – ത്രേസ്യാ ദമ്പതികളുടെ ഏഴു മക്കളിൽ ഏറ്റവും ഇളയവനായി ജോർജ് അച്ചൻ ജനിച്ചു. മുഹമ്മ കായിപ്പുറം സി. എം. എസ് സ്കൂളിലും ചേർത്തലയിലുമായിട്ടാണ് തന്റെ സ്കൂൾ വിദ്യാഭ്യാസം അദ്ദേഹം പൂർത്തിയാക്കിയത്. തുടർന്ന് പാറേൽ സെമിനാരിയിലും ആലുവാ മേജർ സെമിനാരിയിലുമായി വൈദിക പരിശീലനം നേടി.

1963 മാർച്ച് 11-ാം തീയതി ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ച ജോർജച്ചൻ തത്തംപള്ളി, ചേന്നങ്കരി എന്നീ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. 1971 മുതൽ 23 വർഷക്കാലം പുന്നപ്ര മാർ ഗ്രിഗോരിയോസ് പള്ളി വികാരിയായും സെന്റ് ജോസഫ്സ് അഗതിമന്ദിരത്തിന്റെ ഡയറക്ടറായും ശുശ്രൂഷ ചെയ്തുപോന്നു. പുന്നപ്രയിലെ അനാഥമന്ദിരത്തിനുവേണ്ടിയുള്ള അലച്ചിലുകൾ അദ്ദേഹത്തെ കരുണയുടെ മുഖമുള്ള വൈദികനെന്ന വിശേഷണത്തിനർഹനാക്കി. കുട്ടനാട്ടിലെ കൊയ്ത്തുകാലത്ത് കെട്ടുവള്ളത്തിൽ അഗതിമന്ദിരത്തിനായി നെല്ലു സംഭരിക്കാൻ വരുന്ന ചാലങ്ങാടിയച്ചൻ കുട്ടനാട്ടുകാരുടെ സജീവ ഓർമ്മയാണ്. പുന്നപ്രയിൽ സെന്റ് ജോസഫ്സ് ലേഡീസ് ഹോസ്റ്റലും നിർമ്മലാ മെഡിക്കൽ സെന്ററും ചാലങ്ങാടിയച്ചന്റെ സംഭാവനകളാണ്. അഗതിമന്ദിരത്തിലെ അന്തേവാസികളുടെ കാര്യത്തിൽ വളരെയേറെ ശ്രദ്ധ പുലർത്തിയിരുന്ന അച്ചൻ അംഗങ്ങളെ വ്യക്തിപരമായി അറിഞ്ഞു സ്നേഹിച്ചിരുന്നു. തന്റെ പൗരോഹിത്യ ജീവിതത്തിലെ ഏറ്റവും ആസ്വാദ്യകരങ്ങളായ വർഷങ്ങൾ എന്നാണ് പുന്നപ്രയിലെ ദീർഘ വർഷങ്ങളെ അച്ചൻ അനുസ്മരിച്ചിരുന്നത്. ഒരു മിഷൻ പള്ളിയായി ആരംഭിച്ച പുന്നപ്ര മാർ ഗ്രിഗോരിയോസ് പള്ളി ഒരു സ്വതന്ത്ര ഇടവകയാകുന്നതും ഇടവകയിലെ എല്ലാ സംഘടനാപ്രവർത്തനങ്ങളും ആരംഭിക്കുന്നതും അച്ചന്റെ കാലത്താണ്.

പുന്നപ്രയിൽ നിന്നും കാവാലം സെന്റ് തെരേസാസ് ഇടവകയിൽ ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ട അച്ചന്റെ സേവനങ്ങൾ ആ ഇടവകയ്ക്ക് ഉണർവ്വ് പകരുന്നതായിരുന്നു. കാവാലം പള്ളിയ്ക്ക് സമീപം നിർമ്മിക്കപ്പെട്ട

പാലം അച്ചന്റെ ശ്രമഫലമായി ഉണ്ടായിട്ടുള്ളതാണ്. തന്റെ ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ട ഇടങ്ങളിലെ നാനാജാതി മതസ്ഥരുടെ ഉന്നമനത്തിനുവേണ്ടിയും കഠിനാദ്ധ്വാനംചെയ്ത ഒരു സാമൂഹിക പ്രവർത്തകൻകൂടിയായിരുന്നു അച്ചൻ. ചമ്പക്കുളം സെന്റ് മേരീസ് പള്ളി വികാരിയായി സേവനം ചെയ്ത കാലത്താണ്, സെന്റ് മേരീസ് സ്കൂളിനെ ഹയർ സെക്കന്ററിയായി ഉയർത്തുന്നത്. കെട്ടിടംപണികളും അനുബന്ധകാര്യങ്ങളുമായി ഏറെ ത്യാഗപൂർവ്വകമായ ശുശ്രൂഷയാണ് അവിടെ അച്ചൻ നിർവ്വഹിച്ചത്. വലിയ കുടയും കുത്തിപ്പിടിച്ച്, അല്പം മുടന്തി പള്ളിപ്പരിസരങ്ങളിൽ സഞ്ചരിക്കുന്ന ചാലങ്ങാടിയച്ചനെ ചമ്പക്കുളം നിവാസികൾ മറക്കാനിടയില്ല. ചമ്പക്കുളത്ത് അച്ചൻ വികാരിയായിരുന്ന കാലത്താണ് ഞാനടക്കം മൂന്നുപേരെ സെമിനാരി പഠനത്തിനായി അയയ്ക്കുന്നത്. ദൈവവിളി പരിപോഷണത്തിൽ അച്ചൻ ഏറെ ശ്രദ്ധാലുവായിരുന്നു.

മാമ്മൂട്, കുമരകം നസ്രത്ത്, കൈതവന എന്നീ ഇടവകകളിലെ ശുശ്രൂഷയ്ക്ക് ശേഷം 2012- മുതൽ ഇത്തിത്താനത്തുള്ള വൈദികമന്ദിരത്തിൽ അച്ചൻ വിശ്രമജീവിതത്തിലായിരുന്നു. 2020 ഏപ്രിൽ 13 തിങ്കളാഴ്ച്ച നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ചാലങ്ങാടിയച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 2020 ഏപ്രിൽ 14 ചൊവ്വാഴ്ച്ച അച്ചന്റെ മാതൃഇടവകയായ മുഹമ്മ സെന്റ് ജോർജ് പള്ളിയിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെയും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെയും കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

വ്യക്തിബന്ധങ്ങൾക്ക് ഏറെ വിലകൊടുത്തിരുന്ന ജോർജച്ചൻ താൻ സേവനം ചെയ്ത ഇടവകകളിലെ അംഗങ്ങളുടെ പേരുകൾ ഓർമ്മയിൽ സൂക്ഷിക്കുവാൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. കാലം മുന്നോട്ടു പോകും ... ഓർമ്മകൾക്ക് നിറം മങ്ങും... എന്നിരുന്നാലും അച്ചൻ ബാക്കിവച്ചു പോയ നന്മകൾ എന്നും ഇവിടെത്തന്നെയുണ്ടാകും. ഒഴുക്കിയ വിയർപ്പുതുള്ളികളും അനുഭവിച്ച വേദനകളും ഈ മണ്ണിൽ സുഗന്ധം പൊഴിയ്ക്കും. ''ഓരോ വൈദികനും മിശിഹായുടെ സുഗന്ധവും കാരുണ്യത്തിന്റെ പ്രകാശനവുമാണ്'' എന്ന പരിശുദ്ധ പിതാവു ഫ്രാൻസീസ് പാപ്പായുടെ വാക്കുകൾ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കിയ ബഹുമാനപ്പെട്ട ചാലങ്ങാടി ജോർജച്ചന്റെ ആത്മാവിന് നിത്യശാന്തി നേരാം.

**അറയ്ക്കൽ വർഗ്ഗീസച്ചൻ**

**DENAHALAYA**

**Institute of formation and Counselling**

Punnapra, Alapuzha, 688004

Ph. 0477-2287808, 9747836772

danahalaya@gmail.com

Denahalaya gives professional training to those who aspire to engage in formatory roles such as formators, superiors, teachers, counsellors and therapists.

Admission started for the following courses

1.Two year Master Level Course in FORMATIVE SPIRITUALITY AND CLINICAL PSYCHOLOGY (MFSP VII)

Scheduled for June 15,2020 to March 30, 2022

2.One Year Residential Course for FORMATIVE SPIRITUALITY AND PASTORAL COUNSELLING (FSPCXXVIII )

Scheduled for June 15, 2020 – March, 15, 2021

Apply online www.denahayalaya.com

Fr Tijo Pathalil
Director

---



അയർലണ്ടിലെ മേയ്നൂത്തു (Maynooth, Pontifical Universtiy, Ireland) പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നുംദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ബിരുദം നേടിയ **കറുകയിൽ ബഹു. ജോസഫ് (ബിജു) അച്ചന് അതിരൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.**

'ഹെൻറി ഡി ലൂബാക്കിന്റെ ക്രിസ്തു വിജ്ഞാനീയ ദർശനം: ദൈവശാസ്ത്ര സംവാദത്തിന് ഒരു ആഖ്യാന താക്കോൽ' (An Emerging Christology of Henri de Lubac: A Hermeneutical Tool for a Wider Theological Dialogue) എന്ന വിഷയത്തിലാണ് അച്ചൻ ഗവേഷണം നടത്തിയത്.

മിശിഹായിൽ സ്നേഹമുള്ളവരെ,

ഉത്ഥിതനായ ഈശോയുടെ സമാധാനവും സന്തോഷവും നിങ്ങൾക്ക് ആശംസിക്കുന്നു. ഈ ഒരു പ്രത്യേക സാഹചര്യത്തിൽ വിശ്വാസോത്സവം ക്രമീകരിക്കുവാൻ നമുക്ക് സാധിച്ചില്ലെങ്കിലും, ഒരു ബദൽ സംവിധാനം എന്ന നിലയിൽ സന്ദേശനിലയം രൂപകല്പന ചെയ്ത **Break the Bordom** എന്ന ഓൺലൈൻ വിശ്വാസപരിശീലനം വളരെ ഭംഗിയായി അനേകം ഇടവകൾ നടത്തി എന്നതിൽ ഒത്തിരിയേറെ സന്തോഷമുണ്ട്. അധ്യാപകർക്കായി നടന്നുകൊണ്ടിരിക്കുന്ന ഓൺലൈൻ പരിശീലന പരിപാടിയിൽ 1500 ഓളം പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു എന്ന കാര്യവും അറിയിക്കുന്നു. കൊറോണ വിമുക്തമായ ഒരു ലോകത്തിനായി നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**മെയ്**

1 വെള്ളി : മെയ് ദിനം, തൊഴിലാളി മധ്യസ്ഥനായ മാർ യൗസേപ്പ് പിതാവ് (ഓഫീസ് അവധി)
5 ചൊവ്വ : സന്ദേശനിലയം സ്ഥാപകദിനം
6 ബുധൻ : വി. ഡൊമിനിക് സാവിയോ
21 വ്യാഴം : **നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം**
30 ശനി : മതാധ്യാപക നേതൃസംഗമം, അതിരൂപതാ മതബോധനവർഷ ഉദ്ഘാടനം
31 ഞായർ : **പന്തക്കുസ്താതിരുനാൾ**

**10, 12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ**

10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിന് വിശ്വാസോത്സവത്തിന്റെ മാർക്കുകൾ കൂടി ആവശ്യമാണെന്ന് നമുക്കറിയാമല്ലോ. എന്നാൽ കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിനേർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം സാധാരണ നടക്കാറുള്ള വിശ്വാസോത്സവം നടത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ ഒരു പകരം സംവിധാനം ഈ വർഷത്തേയ്ക്കു മാത്രമായി ഏർപ്പെടുത്തുന്ന വിവരം അറിയിക്കട്ടെ. 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾ 50 മാർക്കിന്റെവീതം 2 പ്രബന്ധങ്ങൾ എഴുതി അതാതു സൺഡേസ്കൂളുകളിൽ സമർപ്പിക്കേണ്ടതാണ്. മെയ് 20 നു മുമ്പായി അതാതു ക്ലാസ്സ് ടീച്ചറോ ഡയറക്ടറച്ചൻ ചുമതലപ്പെടുത്തുന്ന അധ്യാപകരോ മൂല്യനിർണ്ണയം നടത്തുക. പ്രബന്ധങ്ങളുടെ മാർക്കിന്റെയും കൂടി അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാവുന്നതാണ്. ഇടവകകളിൽ നിന്നും ഓരോ ക്ലാസ്സിലെയും ഏറ്റവും ഉയർന്ന മൂല്യം ലഭിക്കുന്ന 2 പ്രബന്ധങ്ങൾ സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന പ്രബന്ധങ്ങൾ കതിരൊളിയിലൊ സന്ദേശനിലയം ബ്ലോഗിലോ പ്രസിദ്ധീകരിക്കുന്നതാണ്.

പ്രബന്ധങ്ങളുടെ വിഷയം : ഓരോന്നിനും 50 മാർക്കുവീതം, (150 വാക്കുകളിൽ കവിയാതെ എഴുതുക)

ക്ലാസ്സ് 10 – 1. ഞായറാഴ്ചയുടെ അർത്ഥവും ആചരണവും, ക്രൈസ്തവ ജീവിതത്തിൽ അതിനുള്ള പ്രാധാന്യവും
2. രക്തസാക്ഷികളുടെ ചുടുനിണത്താലും മിഷനറിമാരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനത്താലും വളർന്ന് പന്തലിച്ചുകൊണ്ടിരിക്കുന്ന കത്തോലിക്കാസഭ

ക്ലാസ്സ് 11 – 1. ഈശോ ഏകരക്ഷകൻ – എന്റെ രക്ഷകൻ
2. അനുരഞ്ജനശുശ്രൂഷയ്ക്കും പരി.കുർബാനയ്ക്കും കത്തോലിക്കാ യുവജനങ്ങളുടെ ഇടയിലുള്ള പ്രാധാന്യം

ക്ലാസ്സ് 12 – 1. കത്തോലിക്കാ സഭയിൽ അംഗമായിരിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു. എന്തുകൊണ്ട്?
2. ക്രിസ്തീയ വിവാഹത്തിന്റെ അനന്യതയും മതാന്തര പ്രണയവിവാഹങ്ങൾ ഉയർത്തുന്ന വെല്ലുവിളികളും

### വിശ്വാസപരിശീലകരുടെ Break the Bordom

1500 ഓളം വിശ്വാസപരിശീലകർ പങ്കെടുക്കുന്ന Break the Bordom ഭംഗിയായി മുന്നോട്ടുപോകുന്നു. ആരാധനക്രമം, സഭാചരിത്രം, വിശ്വാസപരിശീലനം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്വിസും ഈശോമിശിഹായുടെ ജീവചരിത്രം എഴുതുക, ബ്ലോഗ് ആർട്ടിക്കിൾസ് തയ്യാറാക്കുക തുടങ്ങി അനവധി രസകരമായ പ്രവർത്തനങ്ങളുമായി വിശ്വാസപരിശീലകരുടെ അവധിക്കാല പരിശീലനം മുമ്പോട്ടുപോകുന്നു. പങ്കെടുക്കുന്ന എല്ലാ അധ്യാപകരെയും അഭിനന്ദിക്കുന്നു.

### മതാദ്ധ്യാപക നേതൃസംഗമം മെയ് 30 ശനി

ഈ വർഷത്തെ മതാദ്ധ്യാപക നേതൃസംഗമം മെയ് 30 ശനി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ചങ്ങനാശ്ശേരി സന്ദേശനിലയം മാർ ജെയിംസ് കാളാശേരി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രജി. ഫീസ് 100 രൂപ. പ്രസ്തുത സമ്മേളനത്തിൽ സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാർ, സെക്രട്ടറിമാർ, ഓരോ സൺഡേസ്കൂളിൽ നിന്നുള്ള ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, CRT അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. **കോവിഡ് 19 ന്റെ ലോക്ക്ഡൗൺ തീർന്നാൽ മാത്രമേ മതാധ്യാപകനേതൃസംഗമം നടത്തുകയുള്ളൂ.**

### ആദരാഞ്ജലികൾ

തത്തംപള്ളി സെന്റ് മൈക്കിൾസ് സൺഡേസ്കൂൾ അധ്യാപകനും അതിരൂപതാ CRT അംഗവുമായ ശ്രീ. വി. എം. മൈക്കിൾ വാളംപറമ്പിലിന്റെയും തൃക്കൊടിത്താനം സെന്റ് സേവ്യഴ്സ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. മിനി ഇടത്തിനകത്തിന്റെ ഭർത്താവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

(48-ാം പേജിൽ നിന്ന് തുടർച്ച)
നിങ്ങളുടെ ഇടവകയിലെ പൗരോഹിത്യ ദൈവവിളി സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ വിവരങ്ങൾ മൈനർ സെമിനാരി പെരിയ ബഹുമാനപ്പെട്ട റക്ടറച്ചനെയോ, വൈസ് റെക്ടറച്ചനെയോ അറിയിക്കേണ്ടതാണ്. റെക്ടർ ഫാ. സായൻ വലിയപ്പറമ്പിൽ - 9497100039, വൈസ് റെക്ടർ ഫാ. മനോജ് തട്ടാശ്ശേരി - 7902420680)

ഈശോയിൽ സ്നേഹമുള്ളവരെ,

സഭയിലെ ഏറ്റവും വലിയ തിരുനാളായ ഉയിർപ്പുതിരുനാൾ നമ്മൾ പതിവിലും വിഭിന്നമായി ആഘോഷിച്ചു. പരിമിതമായ സാഹചര്യത്തിലും വലിയ ആഴ്ചയുടെ ചൈതന്യം നഷ്ടപ്പെട്ടുപോകാതെ കൂടുതൽ പ്രാർത്ഥിക്കുവാനും, വചനം വായിക്കുവാനും നിങ്ങൾക്ക് സാധിച്ചു എന്ന് കരുതുന്നു. കുഞ്ഞുമിഷനറിമാരായ നമുക്ക് ലോകത്തിനായി പ്രത്യേകമായി പ്രാർത്ഥിക്കുവാൻ കടമയുണ്ട് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. കൊറോണ വൈറസ് എന്ന പകർച്ചാവ്യാധിയിൽ നിന്ന് ലോകം വിമുക്തമാകുവാനായി നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മെയ്**

| | | |
|---|---|---|
| 1 വെള്ളി | : | മെയ്ദിനം, തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പിതാവ് (ഓഫീസ് അവധി) |
| 6 ബുധൻ | : | വി. ഡൊമിനിക് സാവിയോ |
| 21 വ്യാഴം | : | **നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം** |
| 30 ശനി | : | അതിരൂപതാ മതബോധനവർഷ ഉദ്ഘാടനം |
| 31 ഞായർ | : | **പന്തക്കുസ്താതിരുനാൾ** |

**വൊക്കേഷൻബ്യൂറോയിൽ നിന്നുള്ള അറിയിപ്പ്**

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ദൈവവിളി ക്യാമ്പ് നടത്തുവാൻ സാധിക്കുന്നതല്ല. അതുകൊ് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ വലിയ സഹകരണം പ്രതീക്ഷിക്കുന്നു.

(...തുടർച്ച 47-ാം പേജിൽ)

ഈശോയിൽ പ്രിയരെ,

അപ്രതീക്ഷിതമായ സംഭവവികാസങ്ങളുടെ നടുവിലൂടെ ആണല്ലോ നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. നമ്മുടെ ഇടവകകളിലെ ഏറ്റവും നിർധനരായവർ പലരീതിയിലും കഷ്ടപ്പെടുന്നുണ്ട്. ഇടവകകൾക്ക് സാധ്യമായ രീതിയിൽ സാമ്പത്തികസഹായം നൽകുകയോ, ഉള്ളവരിൽ നിന്ന് ഇല്ലാത്തവരിലേയ്ക്ക് എല്ലാ രീതിയിലുമുള്ള സഹായങ്ങൾ പങ്കുവയ്ക്കാനും പ്രോത്സാഹിപ്പിക്കാം.''അവൻ പറഞ്ഞു: രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ''(ലൂക്കാ 3,11).

ദൈവസ്നേഹം പ്രവൃത്തികളിലൂടെ ദൈവജനത്തിന് പകർന്നു നൽകുന്നതിനുള്ള ഏറ്റവും നല്ല അവസരമായി ഈ സാഹചര്യങ്ങളെ നമുക്ക് പ്രയോജനപ്പെടുത്താം. ''പ്രവൃത്തികൾകൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജീവമാണ്''(യാക്കോബ് 2,17). കൂട്ടായ്മ ലീഡേഴ്സ് ഓരോ ഇടവകയിലെയും സഹായത്തിനർഹരായവരെ കണ്ടെത്തുക(മരുന്ന്, ഭക്ഷണം, മറ്റു സാധനങ്ങൾ). ഓരോ കൂട്ടായ്മയിലും മറ്റുള്ളവരെ സഹായിക്കാൻ സന്നദ്ധരായവരുടെ സഹായം തേടുക (വികാരിയച്ചൻ വ്യക്തിപരമായി ഫോണിൽ ബന്ധപ്പെടുക). പള്ളിയിൽനിന്നും (ജീവകാരുണ്യനിധിയിലൂടെ) കൂട്ടായ്മ ലീഡേഴ്സ് വഴി ഭവനങ്ങളുടെ ലിസ്റ്റ് ശേഖരിച്ച് അതനുസരിച്ച് സാധ്യമായ സഹായങ്ങൾ കൂട്ടായ്മ ലീഡേഴ്സിന്റെ ഭവനങ്ങളിൽ (ഓരോ കൂട്ടായ്മയിലേയും വാഹനം ഉള്ളവരുടെ സഹായത്തോടെ) എത്തിച്ച് വിതരണം ചെയ്യുന്നത് ഏറെ അനുഗ്രഹദായകമാണ്.

പല ഇടവകകളും ഈ അവസരത്തെ ദൈവസ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും വേദികളാക്കി മാറ്റിയെന്നതിൽ ഏറെ സന്തോഷിക്കുന്നു. തുടർന്നും ദൈവം നൽകിയിരിക്കുന്ന താലന്തുകളെ നന്നായി പ്രയോജനപ്പെടുത്തുവാൻ ദൈവം അനുഗ്രഹിക്കട്ടയെന്നു പ്രാർത്ഥിക്കുന്നു.

സഭ ദൈവജനത്തിനൊടൊപ്പം ഉണ്ടെന്നുള്ള ബോധ്യം ദൈവജനത്തിനു പകർന്നു നൽകുവാൻ പ്രത്യേകം തെരെഞ്ഞടുക്കപ്പെട്ടവരായ നമുക്ക് ദൈവം ഒരുക്കിയിരിക്കുന്ന ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**ജെന്നിയച്ചൻ**

## വാർത്തകൾ-പ്രവർത്തനങ്ങൾ

**വചനം വിരൽത്തുമ്പിൽ**

ലോക്ക് ഡൗണിലായിരുക്കുന്ന സമയത്ത് ദൈവവചനം വായിച്ച്, പഠിച്ച്, ലോഗോസ് ക്വിസിനായി ഒരുങ്ങാനുള്ള അവസരം ഓൺലൈൻ ബൈബിൾ ക്വിസിലൂടെ എല്ലാവർക്കുമായി ക്രമീകരിച്ചു. വചനം വിരൽത്തുമ്പിൽ എന്ന മത്സരത്തിൽ 1400 പേരോളം വളരെ നന്നായി പങ്കെടുത്തു. ദൈവവചനത്തിൽ കൂടുതൽ ആഴപ്പെടുവാൻ ഇതുമൂലം സാധിതമായിട്ടുണ്ടെന്നു കരുതുന്നു.

**പ്രസ്തുത മത്സരത്തിൽ സമ്മാനാർഹരായവരുടെ പേരുവിവരങ്ങൾ പിന്നീട് അറിയ്ക്കുന്നതാണ്.**

## അറിയിപ്പുകൾ

**ഒരു സന്തോഷ വാർത്ത**

വചനം വിരൽത്തുമ്പിൽ എന്ന മത്സരം അവസാനിച്ചെങ്കിലും പലരുടെയും അഭ്യർത്ഥനയെ മാനിച്ച് ലോഗോസ് 2020 മത്സര വിഷയങ്ങളെ ആസ്പദമാക്കി ലോഗോസ് ക്വിസിന്റെ അതേ മാതൃകയിൽ ചോദ്യങ്ങൾ തയ്യാറാക്കി നൽകി ഒരു പരിശീലന പരിപാടി ആരംഭിക്കുകയാണ്. ഈ മത്സരത്തിന് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതല്ല. ഇതിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഇപ്പൊഴുള്ള വാട്സാപ്പ് ഗ്രൂപ്പിൽ തുടരേണ്ടതാണ്.

**ആദ്യ മാതൃകാ ചോദ്യങ്ങൾ നൽകുന്ന തീയതി - മെയ് 15, 8 pm**

പഠനഭാഗങ്ങൾ താഴെ ചേർക്കുന്നു.

1. മർക്കോസ് 1 മുതൽ 8 വരെ
2. കോറിന്തോസ് 1 മുതൽ 8 വരെ
3. പ്രഭാഷകൻ 18 മുതൽ 22 വരെ
4. നിയമാവർത്തനം 23 മുതൽ 34 വരെ

ഏവരുടെയും സഹകരണം പ്രതിക്ഷിക്കുന്നു

**അവധിക്കാലം വചനനിറവിൽ**

അതിരൂപതയിലെ ബഹു. വൈദിക വിദ്യാർത്ഥികൾക്കായി അഭി. തോമസ് തറയിൽ പിതാവിന്റെ പ്രത്യേക നിർദ്ദേശാനുസരണം ഏതാനും മത്സരങ്ങൾ ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

വിശദവിവരങ്ങൾ താഴെച്ചേർക്കുന്നു.

1. പ്രസംഗം (രചന) - ഫിലൊസഫി ബ്രദേഴ്സ്

വിഷയം - അനുദിന സഹനത്തിലെ രക്ഷണീയത കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ

A4 പേജിൽ എഴുതുക. 3 പേജിൽ കവിയരുത്

അവസാന തീയതി - മെയ് 10

പ്രസംഗം (അവതരണം) - തിയോളജി ബ്രദേഴ്സ്

വിഷയം- ഉപമകൾ, (5 - 7 മിനിട്ട്) വിഡിയോ മെയ് 10 നകം നൽകണം. എഡിറ്റിംഗ് പാടുള്ളതല്ല.

2. ഓൺ ലൈൻ ബൈബിൾ ക്വിസ് മത്സരം(പൊതുവിൽ)

പഠന വിഷയം റോമാക്കാർക്കുള്ള ലേഖനം. 50 ചോദ്യങ്ങൾ

18 മിനിട്ട് സമയം. മെയ് 10 ഞായർ 8 പി.എം

3. വചനം മനപാഠമാക്കി എഴുതുക

വിഷയം - റോമാ, ഗലാത്തിയാ ലേഖനങ്ങൾ

സമയം - 20 മിനിട്ട്, മെയ് 10 ഞായർ 8 പി.എം

4. സ്ക്രിപ്റ്റ് റൈറ്റിംഗ് - (പൊതുവിൽ)

വിഷയം- പുതിയനിയമ ഗ്രന്ഥത്തിലെ സംഭവങ്ങൾ, കഥാപാത്രങ്ങൾ

10 പേജിൽ താഴെ, മെയ് 24 നകം നൽകുക.

**ഇന്നു മുതൽ ബൈബിൾ വായിച്ചു തുടങ്ങാം...പഠിക്കാം ...ഈശോയിൽ വളരാം.**

പ്രിയ കുടുംബ പ്രേഷിതരേ,

നിങ്ങൾക്കേവർക്കും നല്ല ദിനങ്ങൾ ആശംസിക്കുന്നു. ഈ ഉയിർപ്പുകാലത്ത് പ്രത്യാശയോടെ നമ്മുക്ക് ജീവിക്കാം. കുടുംബം ഒരു ദൈവാലയമായ കാലഘട്ടമാണല്ലോ ഇത്. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കാനും ഭക്ഷണം കഴിക്കാനും ജോലി ചെയ്യാനും സാധിച്ചു. കുടുംബ ബന്ധങ്ങളെ ഊട്ടിയുറപ്പിക്കാൻ ഈ ദിവസങ്ങൾ ഉപകാരപ്പെടട്ടെ. ക്രിയാത്മകമായി സമയത്തെ വിനിയോഗിക്കാൻ നമ്മുക്ക് സാധിക്കണം. ഈ കാലഘട്ടത്തിൽ ആരോഗ്യം മറന്ന് നമ്മുടെ നന്മക്കായി പ്രവർത്തിക്കുന്നവരെ നമ്മുക്ക് പ്രാർത്ഥനയോടെ ഓർക്കാം.

നമ്മുടെ പുരയിടങ്ങളിൽ (പ്രത്യകിച്ചും തരിശു സ്ഥലങ്ങളിൽ) കൃഷി ചെയ്തും മറ്റും നമ്മുക്ക് നാടിനോട് ചേർന്ന് നില്ക്കാം. നമ്മുക്ക് പരസ്പരം പ്രാർത്ഥനയിൽ ഒരുമിക്കാം .

**കൂപ്പൺ നറുക്കെടുപ്പ്**

കൂപ്പൺ വിതരണം, നറുക്കെടുപ്പ് തുടങ്ങിയവയെ കുറിച്ചുള്ള കാര്യങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. മാത്യു അഞ്ചിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

ഈശോയിൽ പ്രിയപ്പെട്ടവരെ,

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനാശംസകൾ. ലോകം മുഴുവൻ കോവിഡ്-19 എന്ന മഹാരോഗം പിടിപെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ 28/03/2020 മുതൽ പ്രവാസി അപ്പോസ്തലേറ്റ് നടത്തുന്ന ചെയിൻ പ്രയറിൽ എല്ലാവരെയും ദൈവതിരുമുമ്പിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നുണ്ട് എന്ന വിവരം ഏറെ ആത്മാർത്ഥതയോടെയും സന്തോഷത്തോടെയും നിങ്ങളെ അറിയിക്കുന്നു. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന ലോക് ഡൗൺ കാലം എല്ലാവർക്കും രോഗമുക്തി വരുന്നതിനും രോഗം പടരാതിരിക്കാനുമുള്ള സാഹചര്യമൊരുക്കിത്തന്നിരിക്കുകയാണല്ലോ. ഈ സാഹചര്യത്തിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷാസംവിധാനം ഓൺലൈൻ മീഡിയ വഴി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നമുക്ക് സാധിച്ചു. ലാസറിനെ ഉയിർപ്പിച്ച ശനി ( 6-ാം ശനി) പ്രവാസി എക്സിക്യൂട്ടീവ് അംഗങ്ങൾക്കെല്ലാം ശബ്ദ സന്ദേശമയച്ച് ആ ദിവസത്തിന്റെ പ്രാധാന്യത്തെപ്പറ്റി വിവരിക്കുകയും പ്രാർത്ഥനാശംസകൾ അറിയിക്കുകയും ചെയ്തു. ഓശാന ഞായർ, വലിയ ആഴ്ചയായ തിങ്കൾ, ചൊവ്വ, ബുധൻ, പെസഹാ വ്യാഴം, ദുഃഖ വെള്ളി ദിവസങ്ങളിൽ ചെയ്യേണ്ട ആത്മീയ ശുശ്രൂഷകളെക്കുറിച്ചുള്ള വീഡിയോസന്ദേശമയച്ചുകൊടുത്തുകൊണ്ട് പ്രാർത്ഥനാ നിമിഷങ്ങളിൽ അകലെയിരുന്ന് അവരോടൊപ്പം പങ്കു ചേർന്നു. ഈസ്റ്റർ ദിവസത്തിൽ വീഡിയോ സന്ദേശമയച്ചുകൊണ്ട് ഉയിർപ്പിന്റെ സന്തോഷം പങ്കുവച്ചു.

പ്രവാസി അപ്പോസ്തലേറ്റിന് ഒരു ഔദ്യോഗിക യൂട്യൂബ് ചാനൽ ആരംഭിച്ചു. ഈ മീഡിയാ വഴി പ്രവാസികൾക്കുവേണ്ട വിവിധ വിഷയങ്ങൾ ചാനലിലൂടെ പങ്കുവച്ചു (പ്രവാസികൾക്കൊരു കൈത്താങ്ങ്, മലയാളികളെ കേരളത്തിലേക്ക് കൊണ്ടുവരണം, കേരളത്തിലേക്ക് മടങ്ങിയെത്തുന്ന പ്രവാസികൾ എന്തുചെയ്യണം). പ്രവാസിമലയാളികളെ നാട്ടിൽകൊണ്ടുവരുന്നതിനുള്ള അടിയന്തിര സർക്കാർ നടപടിക്ക് വേണ്ടി മുഖ്യമന്ത്രിക്ക് കത്തയച്ചു. അതിരൂപതയുടെ ശബ്ദ മാധ്യമമായ റേഡിയോ മീഡിയാ വില്ലേജിലൂടെ പത്ത് ഗൾഫ് രാജ്യങ്ങളിലെ പ്രതിനിധികളെ കോർഡിനേറ്റുചെയ്തുകൊണ്ട് അവിടെയുള്ള പ്രവാസികളുടെ

വിവരങ്ങൾ സാധാരണക്കാരിലേക്കും എത്തിക്കാൻ കഴിഞ്ഞു. പ്രവാസി അപ്പോസ്തലേറ്റിന്റെ വിദേശത്തുള്ള എക്സിക്യൂട്ടീവ് അംഗങ്ങളും ഈ പരിപാടിയിൽ പങ്കുചേർന്നുകൊണ്ട് അവരുടെ അനുഭവങ്ങൾ പങ്കുവച്ചു.

ഈ കാലയളവിൽ ശ്രീ. സിബി വാണിയപുരയ്ക്കലിന്റെ നേതൃത്വത്തിൽ വാട്സ്ആപ്പിലൂടെ ക്വിസ് മത്സരം നടത്തുകയുണ്ടായി. ആദ്യഘട്ട മത്സരത്തിൽ ശ്രീ. സന്തോഷ് ടോം ആൻഡ് ഫാമിലി ഒന്നാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി. ശ്രീ. ജോസ് കളരിക്കൽ ആൻഡ് ഫാമിലി രണ്ടാം സ്ഥാനവും, ശ്രീമതി അന്നമ്മ ഫിലിപ്പ് ആൻഡ് ഫാമിലി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. രണ്ടാംഘട്ട മത്സരം നടന്നുകൊണ്ടിരിക്കുന്നു. ആദ്യഘട്ട മത്സരത്തിന്റെ സമ്മാനങ്ങൾ ശ്രീ. പി.കെ മാത്യു മനയത്തുശ്ശേരി സ്പോൺസർ ചെയ്തിരിക്കുന്നത് എന്ന വിവരം ഏറെ സന്തോഷത്തോടെ അറിയിക്കുന്നു. വീഡിയോ കോൺഫറൻസിലൂടെ അംഗങ്ങളുമായി മീറ്റിംഗ് നടത്തി.

വിദേശത്തുവച്ച് കോവിഡ് 19 രോഗംമൂലം നിര്യാതനായ തൃക്കൊടിത്താനം ഇടവകാംഗമായ ശ്രീ. ഷാജി സ്കറിയായുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാൻ സാധിച്ചു. ഗൾഫ് രാജ്യങ്ങളായ ഷാർജ, അജ്മൻ, ദുബായ്, അബുദാബി, കുവൈറ്റ്, ഖത്തർ, ദമാം, റിയാദ്, ജിദ്ദ, തബുക്ക്, മസ്കറ്റ് എന്നീ സ്ഥലങ്ങളിലുള്ള കോർഡിനേറ്റർമാർ കോവിഡിന്റെ പശ്ചാത്തലത്തിൽ ശുശ്രൂഷകൾക്കുവേണ്ട എല്ലാ നേതൃത്വവും , ആവശ്യം വേണ്ട സഹായങ്ങളും കൗൺസിലിംഗും സെന്റർ തിരിച്ച് ചെയ്തു വരുന്നു.

**ഫാ. റെജി പുതുവീട്ടിൽക്കളം**

ഡയറക്ടർ

## ബുധനാഴ്ച സമ്മേളനങ്ങൾ വീഡിയോ കോൺഫറൻസിലൂടെ

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗവൺമെന്റ് യാത്രാവിലക്കുകൾ ഏർപ്പെടുത്തിയതിനെ തുടർന്ന് അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ ആഴ്ച സമ്മേളനങ്ങൾ വീഡിയോ കോൺഫറൻസിലൂടെ നടത്തി.

## അതിർത്തി അടച്ച കർണാടക സർക്കാർ നിലപാട് ദൗർഭാഗ്യകരം

കോവിഡ് പ്രതിസന്ധിയെ നേരിടാൻ രാജ്യം ഒറ്റക്കെട്ടായി പോരാടുമ്പോൾ കാസർകോട് അതിർത്തി അടച്ച കർണാടക സംസ്ഥാനത്തിന്റെ പ്രവൃത്തി അപലപനീയവും ദൗർഭാഗ്യകരവുമാണെന്നും ഇക്കാര്യത്തിലെ കേരള സർക്കാരിന്റെ അഭ്യർത്ഥനയും ഹൈക്കോടതിയുടെ നിർദേശവും അവഗണിച്ച കർണാടക സംസ്ഥാന നിലപാട് പ്രതിഷേധാർഹമാണെന്നും ചങ്ങനാശേരി അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാ സമിതി.

അത്യന്തം ഗൗരവതരമായ ഈ സാഹചര്യത്തിൽ കാസർകോട് വഴി ചരക്കുഗതാഗതം സുഗമമാക്കുന്നതിനും രോഗികളെ ആശുപത്രിയിലെത്തിക്കുന്നതിനുമായി അതിർത്തി ഉടൻ തുറക്കണമെന്നും ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ അടിയന്തിര ഇടപെടൽ നടത്തി രാജ്യത്തെ പൗരന്മാരുടെ ജീവൻ സംരക്ഷിക്കാൻ ഉടൻ നടപടിയെടുക്കണമെന്നും ജാഗ്രതാസമിതി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

കേരളത്തിൽ കോവിഡ് പ്രതിരോധ നടപടികൾ സമയോചിതമായും ഫലപ്രദമായും നടപ്പാക്കുന്നുണ്ടെന്നും ഇതിനോടനുബന്ധിച്ചുള്ള കേരള സർക്കാരിന്റെ ഇടപെടലുകൾ അഭിനന്ദനാർഹമാണെന്നും എന്നാൽ മദ്യാസക്തർക്ക് ഡോക്ടർമാരുടെ കുറുപ്പടിയോടെ മദ്യം നൽകുവാനുള്ള ഉത്തരവ് സർക്കാർ പ്രവർത്തനങ്ങളുടെ ശോഭകെടുത്തുവാൻ ഇടയാക്കിയെന്നും ഈ വിഷയത്തിലെ കേരള ഹൈക്കോടതിയുടെ ഇടപെടൽ സമയോചിതവും മാതൃകാപരവുമാണെന്നും സമിതി വിലയിരുത്തി. വിവിധ ഏജൻസികളുടെ സഹകരണത്തോടെ മദ്യാസക്തർക്ക് ആവശ്യ

കമായ കൗൺസിലിംഗും ചികിത്സയും നൽകാനുള്ള സാഹചര്യങ്ങൾ ഇക്കാലയളവിൽ കേരളസർക്കാർ സൃഷ്ടിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

## മലയാളി നേഴ്സുമാരുടെ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ ഇടപെടൽ അനിവാര്യം

ഇന്ത്യ മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയിൽ കഴിയുന്ന സാഹചര്യത്തിൽ ജീവൻ പണയംവച്ച് ആശുപത്രികളിലും മറ്റിടങ്ങളിലും സേവനം ചെയ്യുന്ന ഡോക്ടർമാർ, നേഴ്സുമാർ മറ്റ് ആരോഗ്യപ്രവർത്തകർ തുടങ്ങിയവരുടെ സുരക്ഷ ഉറപ്പാക്കുവാൻ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വിപുലമായ സംവിധാനങ്ങളൊരുക്കണമെന്ന് അതിരൂപതാപബ്ലിക് റിലേഷൻസ് ജാഗ്രതാ സമിതി.

മഹാരാഷ്ട്ര, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ജോലിചെയ്യുന്ന മലയാളി നേഴ്സുമാർക്ക് കൊറോണ വൈറസ് പകരാതിരിക്കുവാനുള്ള ക്രമീകരണങ്ങൾ നിലവിൽ അപര്യാപ്തമാണെന്നും ആവശ്യമായ സുരക്ഷയും വിശ്രമവും ഇവർക്ക് ലഭിക്കുവാൻ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അടിയന്തിരമായി ഇടപെടണമെന്നും ജാഗ്രതാസമിതി ആവശ്യപ്പെട്ടു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി



## മാർ ജോസഫ് പെരുന്തോട്ടം

**ഏപ്രിൽ 2020**

5-12 അതിരൂപത കേന്ദ്രത്തിൽ പീഡാനുഭവ ആഴ്ചയിലെ തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

14 മുഹമ്മ സെന്റ് ജോർജ് ദൈവാലയത്തിൽ ബഹു. ജോർജ് ചാലങ്ങാടി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

22 മുഹമ്മ സെന്റ് ജോർജ് ദൈവാലയത്തിൽ ഗോഹാട്ടി അതിരൂപതയുടെ വികാരി ജനറാളായിരുന്ന മോൺ. വർഗീസ് കിഴക്കേവേലിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

24 പാറേൽ തിരുഹൃദയ മഠം ചാപ്പലിൽ ബഹു. സി. ബസീലിയ മുണ്ടുവാലയിൽ എസ്. എച്ച്- ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഫാത്തിമാപുരം ഇടവകാംഗമായ ജോസ് റ്റി കുറ്റിക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

**ഏപ്രിൽ 2020**

5–12 തിരുവനന്തപുരം ലൂർദ് ഫൊറോന ദൈവാലയത്തിൽ വിശുദ്ധ വാരാചരണ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

14 മുഹമ്മ സെയിന്റ് ജോർജ് ദൈവാലയത്തിൽ ബഹു. ജോർജ് ചാലങ്ങാടി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് അനുസ്മരണ സന്ദേശം നൽകി.

18 തുരുത്തി മർത്ത്മറിയം ഫൊറോന ദൈവാലയത്തിൽ മാത്യു കുളങ്ങര നെടുംപറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

21 മുട്ടാർ സെയിന്റ് ജോർജ് ദൈവാലയത്തിൽ കെ. ജെ. വർക്കി കൂണുമടക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

22 മുഹമ്മ സെയിന്റ് ജോർജ് ദൈവാലയത്തിൽ മോൺ. വർഗീസ് കിഴക്കേവേലിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

24 പാറേൽ തിരുഹൃദയ മഠം ചാപ്പലിൽ ബഹു. സി. ബസീലിയ മുണ്ടുവാലയിൽ എസ്. എച്ചിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

25 അമേരിക്കയിൽവച്ച് നിര്യാതനായ ജോസഫ് മാത്യു വലിയപറമ്പിലിന്റെ നിത്യശാന്തിക്കായി അദ്ദേഹത്തിന്റെ സഹോദരനും വെട്ടിത്തുരുത്ത് സെയിന്റ് ആന്റണീസ് ഇടവകാംഗവുമായ ശ്രീ ലാക്സൻ വലിയപറമ്പിലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

26 മണിമല ഹോളി മേജൈ ഫൊറോന ദൈവാലയത്തിൽ വി.സി. ചാണ്ടി കുഞ്ഞിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് ചങ്ങനാശ്ശേരി സെയിന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ അന്നമ്മ ആന്റണി കാവാലത്തിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.